بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6

ലക്കം 31

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ആഗസ്റ്റ് 5/ഹി.ശം. 1400 ളുഹൂർ 5/1442 ദുൽഹജ്ജ 25


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الرَّسُوۡلُ بَلِّغۡ مَاۤ اُنۡزِلَ اِلَيۡكَ مِنۡ رَّبِّكَ‌ ؕ وَاِنۡ لَّمۡ تَفۡعَلۡ فَمَا بَلَّغۡتَ رِسَالَتَهٗ‌ ؕ وَاللّٰهُ يَعۡصِمُكَ مِنَ النَّاسِ‌ ؕ اِنَّ اللّٰهَ لَا يَهۡدِى الۡقَوۡمَ الۡكٰفِرِيۡنَ (المائدة: 68)

‘അല്ലയോ റസൂലേ! നിനക്ക് നിന്റെ നാഥനിൽ നിന്നിറക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. (അപ്രകാരം) ചെയ്തില്ലെങ്കിൽ നീ നിന്റെ സന്ദേശം എത്തിച്ചിട്ടേയില്ല. അല്ലാഹു നിന്നെ മനുഷ്യരിൽ നിന്ന് രക്ഷിക്കും. അവിശ്വാസികളായ ജനങ്ങളെ അല്ലാഹു ഒരിക്കലും വിജയ മാർഗത്തിലേക്ക് നയിക്കുകയില്ല.’ (5:68)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### സക്കാത്ത് കൊടുക്കുമെന്ന് ബയ്അത്ത്

(1401) ഹദ്റത്ത് ജരീർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നമസ്കാരം നല്ലനിലയിൽ അനുഷ്ഠിക്കുമെന്നും സക്കാത്തു കൊടുക്കുമെന്നും സർവമുസ്ലിമീങ്ങൾക്കും നന്മചെയ്യുമെന്നും ഞാൻ നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തു.

### സക്കാത്ത് കൊടുക്കാത്തവന്റെ പാപം

(1402) ഹദ്റത്ത് അബൂഹുറയ്റ നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: ഒട്ടകത്തിന്റെ സക്കാത്ത് കൊടുക്കാതിരുന്നാൽ പുനരുത്ഥാനനാളിൽ ആ ഒട്ടകം അതിന്റെ ഉടമയുടെ പുറത്തു കയറി വരും. ആ ഒട്ടകത്തിന്റെ ജീവിതത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ഏറ്റവും നല്ല ദശയിലെ രൂപം പൂണ്ട നിലയ്ക്കാണ് വരിക. എന്നിട്ട് തന്റെ കുളമ്പുകൾകൊണ്ട് അവനെ അത് ചവുട്ടിക്കൊണ്ടിരിക്കും. ആടിന്റെ സക്കാത്ത് കൊടുക്കാത്ത പക്ഷം അന്ത്യദിനം ആ ആട് അതിന്റെ ഉടമയുടെ പുറത്തു കയറി വരും. ആ ആടിന്റെ ജീവിതത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ഏറ്റവും നല്ല ദശയിലെ രൂപംപൂണ്ട നിലയ്ക്കാണ് വരിക. എന്നിട്ട് ആ ആടുകൾ തന്റെ കുളമ്പുകൾകൊണ്ട് അവനെ ചവുട്ടിക്കൊണ്ടിരിക്കുയും കൊമ്പുകൾ കൊണ്ട് കുത്തുകയും ചെയ്യും....നിങ്ങളിലൊരാളും പുനരുത്ഥാന ദിവസം നിലവിളിച്ചുകൊണ്ടിരിക്കുന്ന ഒരു ആടിനെ ചുമലിൽ വഹിച്ചുകൊണ്ടുവന്ന് മുഹമ്മദേ! രക്ഷിക്കണേ എന്ന് അപേക്ഷിക്കുന്ന ഒരു അവസരം ഉണ്ടാക്കരുത്. അപ്പോൾ ഞാൻ പറയും നിനക്ക് ഒരു സഹായവും ചെയ്യാനുള്ള കഴിവ് എനിക്കില്ല. അല്ലാഹു എന്നെ ഭരമേല്പിച്ചിരുന്ന സന്ദേശങ്ങൾ ഞാൻ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. നിങ്ങളിലൊരാളും പുനരുത്ഥാന ദിവസം നിലവിളിച്ചുകൊണ്ടിരിക്കുന്ന ഒരു ഒട്ടകത്തെ ചുമലിൽ വഹിച്ചുകൊണ്ടുവന്ന് മുഹമ്മദേ! രക്ഷിക്കണേ എന്ന് അപേക്ഷിക്കുന്ന ഒരു അവസരം ഉണ്ടാക്കരുത്. അപ്പോൾ ഞാൻ പറയും: നിങ്ങൾക്ക് അല്ലാഹുവിൽനിന്ന് ഒന്നുംതന്നെ ഞാൻ ഉടമയാക്കുന്നില്ല. അല്ലാഹു എന്നെ ഭരമേല്പിച്ചിരുന്ന സന്ദേശങ്ങൾ ഞാൻ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ)* പ്രസിദ്ധീകരണം)

### ഈ ലക്കത്തിൽ


ഖുത്വ്ബ 2021 ജൂലായ് 02 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്


## അല്ലാഹു എന്നെ തന്റെ ദൂതനായി അയച്ചിരിക്കുന്നുവെന്ന് ഞാൻ അവനെ പിടിച്ച് സത്യം ചെയ്തുപറഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ മഹത്ത്വം അല്പമെങ്കിലും അവരുടെ മനസ്സിലുണ്ടായിരുന്നെങ്കിൽ അവർ നിഷേധിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ നാമത്തെ ഇകഴ്ത്തുന്നവരിൽപ്പെട്ടുപോകുമോ

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**സൽക്കർമങ്ങളുടെ തിരിച്ചറിവ്**

‘തങ്ങളിൽ ഏതുകാര്യമാണ് ഇസ്ലാമിനു വിരുദ്ധമായിട്ടുള്ളതെന്ന് ഇവർ മനസ്സിലാക്കുന്നില്ല. ഇവർ ലാഇലാഹ ഇല്ലല്ലാഹ് പറയുന്നു. നമസ്കരിക്കുകയും ചെയ്യുന്നു. നോമ്പിന്റെ നാളുകളിൽ നോമ്പും പിടിക്കുന്നു. സക്കാത്തും കൊടുക്കുന്നു.’ എന്നാൽ, ഞാൻ പറയുന്നു: ഈ എല്ലാ കർമങ്ങളും സൽക്കർമങ്ങളെന്ന നിലയ്ക്കല്ല ചെയ്യുന്നത്. പ്രത്യുത വെറുമൊരു പുറന്തോടെന്ന നിലയ്ക്കാണ്. അതിൽ കാമ്പില്ല. അതു സൽക്കർമങ്ങളാണെങ്കിൽ അതിനെന്തുകൊണ്ട് സൽഫലമുളവാകുന്നില്ല? എല്ലാതരത്തിലുമുള്ള കുഴപ്പങ്ങളിൽനിന്നും മായം ചേർക്കലിൽനിന്നും പരിശുദ്ധമായിരിക്കുമ്പോഴാണ് സൽകർമങ്ങളാകുന്നത്. പക്ഷേ, അവരിൽ ഇക്കാര്യങ്ങൾ എവിടെയാണുള്ളത്? മുത്തഖിയും സൽക്കർമിയുമായിരിക്കുന്ന ഒരു മുഅ്മിൻ സത്യവാന്മാരുടെ ശത്രുവായിരിക്കുമെന്ന് ഞാനൊരിക്കലും വിശ്വസിക്കുന്നില്ല. സംഗതി ഇപ്രകകാരമായിരുന്നാലും ഇക്കൂട്ടർ നമ്മെ അനുസരണംകെട്ടവനെന്നും നാസ്തികനെന്നും പറയുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നില്ല. അല്ലാഹു എന്നെ തന്റെ ദൂതനായി അയച്ചിരിക്കുന്നുവെന്ന് ഞാൻ അവനെ പിടിച്ച് സത്യം ചെയ്തുപറഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ മഹത്ത്വം അല്പമെങ്കിലും അവരുടെ മനസ്സിലുണ്ടായിരുന്നെങ്കിൽ അവർ നിഷേധിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ നാമത്തെ ഇകഴ്ത്തുന്നവരിൽപ്പെട്ടുപോകുമോ എന്നോർത്ത് അവനെ ഭയപ്പെടുന്നവരാകുമായിരുന്നു. പക്ഷേ, ഇതുണ്ടാകുന്നത് യഥാർഥവും ഉന്നതവുമായ വിശ്വാസം അല്ലാഹുവിലുണ്ടാകുകയും രക്ഷാശിക്ഷയുടെ നാളിനെ ഭയപ്പെടുകയും ചെയ്യുമ്പോഴാണ്. **ലാ തഖ്ഫു മാ ലയ്സ ലക്ക ബിഹീ ഇൽമുൻ** (137) ‘നിനക്കറിവില്ലാത്തതിനെ നീ പിന്തുടരരുത്’ അനുസരിച്ച് അവരുടെ കർമങ്ങളുണ്ടാകുമ്പോഴാണ്.

**ഔലിയാഉല്ലായെ നിഷേധിക്കൽ ഈമാൻ പാഴാകുന്നതിന് നിമിത്തമാണ്.**

അവരുടെ ബുദ്ധിപരമായ കഴിവും വിശ്വാസപരമായ ശക്തിയും എവിടെ എത്തിയിരക്കുന്നുവെന്നാൽ അവർ ചോദിക്കുന്നു, നബിയെ നിഷേധിക്കുന്നവൻ കാഫിറാണെന്നത് ശരി എന്നാൽ, വലിയ്യിനെ നിഷേധിക്കുന്നവൻ നിർബന്ധമായും കാഫിർ എങ്ങനെ ആകുമെന്നാണ്? ഒരാളെ നിഷേധിക്കുന്നതുകൊണ്ട് എന്തു സംഭവിക്കാനാണ്? എന്ന് അവർ ധരിക്കുന്നു. ഇവർ അല്ലാഹുവിന്റെ വലിയ്യുമാരെ നിഷേധിക്കുന്നത് നിസ്സാരമായി കരുതുന്നു. അതിനെന്ത് തകരാറാണ്? എന്ന് അവർ ചോദിക്കുന്നു. എന്നാൽ, യാഥാർഥ്യമെന്താണെന്നാൽ, അല്ലാഹുവിന്റെ വലിയ്യുമാരെ നിഷേധിക്കൽ ഈമാനിന്റെ കൊഴിഞ്ഞുപോക്കിന് നിമിത്തമാണ്. ഇക്കാര്യത്തിൽ ആരാണോ ചിന്തിക്കുന്നത് അവന് ഇതു നല്ലവണ്ണം മനസ്സിലാകുന്നതാണ്. എന്നല്ല കണ്ണാടിയിൽ ഏതെങ്കിലും രൂപം കാണുന്നതുപോലെ വ്യക്തമായും മനസ്സിലാകുന്നതാണ്.

ഓർമിക്കേണ്ടതാണ്! ഈമാനിന്റെ കൊഴിഞ്ഞുപോക്ക് രണ്ടു തരത്തിലുണ്ട്. ഒന്ന് നബിമാരെ നിഷേധിക്കുന്നതുകൊണ്ട്. അതിനെ നിഷേധിക്കാൻ ആർക്കും സാധ്യമല്ല. അത് അംഗീകരിക്കപ്പെട്ട കാര്യമാണ്. രണ്ടാമത്തേത് അല്ലാഹുവിന്റെ വലിയ്യുമാരേയും അവൻ നിയോഗിച്ച ആളുകളേയും നിഷേധിക്കുന്നതിനാലും ഈമാൻ നഷ്ടപ്പെടുന്നു. പ്രവാചകന്മാരെ നിഷേധിക്കുന്നതുകൊണ്ട് ഈമാൻ തീർച്ചയായും നഷ്ടപ്പെടുമെന്നത് സുവ്യക്തമായ കാര്യമാണ്. അതെല്ലാവർക്കും അറിയുകയും ചെയ്യാം. പക്ഷേ, എന്നാലും ഓർമവെക്കേണ്ടതാണ്, നബിമാരെ നിഷേധിക്കുന്നതുകൊണ്ട് ഈമാൻ തകരുന്നത് താൻ അല്ലാഹുവിൽനിന്ന് വന്നുവെന്ന് നബി പറയുന്നതിനാലാണ്. എന്തൊന്നാണോ ഇയാൾ പറയുന്നത് അത് തന്റെ വാക്യമാണെന്നും ഇയാൾ തന്റെ നബിയാണെന്നും ഇദ്ദേഹത്തിൽ വിശ്വസിക്കുകയെന്നും എന്റെ ഗ്രന്ഥത്തെ വിശ്വസിക്കുകയെന്നും എന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുകയെന്നും അല്ലാഹു പറയുന്നു. ആരാണോ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കാത്തത് അതിൽ വിവരിക്കപ്പെട്ടിട്ടുള്ള ഉപദേശങ്ങളും അതിന്റെ പരിമിതികളും അനുസരിച്ച് കർമങ്ങൾ ചെയ്യാത്തത് അവൻ അതിനെ നിഷേധിച്ച് കാഫിറായിത്തീരുന്നു. പക്ഷേ, അല്ലാഹുവിന്റെ വലയ്യുമാരെ നിഷേധിച്ചുകൊണ്ടു പാഴായിപ്പോകുന്ന ഈമാൻ മറ്റൊന്നാണ്. ഒരു ഹദീഥിൽ വന്നിരിക്കുന്നു, അല്ലാഹു പറയുന്നു: **മൻ ആദലീ വലിയ്യൻ ഫഅ്ദൻതുഹൂ ലിൽഹർബി** അതായത് ആരാണോ എന്റെ വലിയ്യിനോടു ശത്രുതകാണിക്കുന്നത് അവൻ ഞാനുമായി യുദ്ധം ചെയ്യാൻ തയ്യാറാകുകയാണ്.’

*(മൽഫൂദാത്ത് വാള്യം 1, പേജ് 313, ഖാദിയാൻ പ്രസിദ്ധീകരണം 2008)*

## ഈ ആയത്തിൽനിന്ന് സന്താനങ്ങളോടുള്ള സ്നേഹവും ധാരാളം പാപങ്ങൾക്ക് നിമിത്തമാകുന്നുണ്ടെന്നത് വ്യക്തമാണ്. കുട്ടികളെ മോശമാക്കിക്കളയുന്ന സ്നേഹം, സ്നേഹമല്ല ശത്രുതയാണ്. കുട്ടികൾ തകർന്നുപോകാത്ത വിധംവേണം അവരെ സ്നേഹിക്കേണ്ടതെന്ന പാഠം ഹദ്റത്ത് ഇബ്റാഹീം(അ) നമുക്ക് നല്കിയിരിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ് (റ) സൂറ ഇബ്റാഹീം മുപ്പത്തിയേഴാം വചനമായ **റബ്ബി ഇന്നഹുന്ന അള്ലൽന കഥീറൻമ്മിനന്നാസി ഫമൻ തബിഅനീ ഫഇന്നഹൂ മിന്നീ വമൻ അസ്വാനീ ഫ ഇന്നക്ക ഗഫൂറുൻർഹീം** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ദൈവസ്നേഹത്തിന്റെ എത്രനല്ല പ്രദർശനമാണത്. ഹദറ്ത്ത് ഇബ്റാഹീം(അ) പറയുന്നു: ‘എന്റെ സന്താനങ്ങൾ അന്യാരാധന നടത്താതിരിക്കുമ്പോഴാണ് എന്റേതാകുന്നത്. അന്യാരാധന നടത്തുകയാണെങ്കിൽ എന്റെ സന്താനങ്ങളല്ല.’ ഈ ആയത്തിൽനിന്ന് സന്താനങ്ങളോടുള്ള സ്നേഹവും ധാരാളം പാപങ്ങൾക്ക് നിമിത്തമാകുന്നുണ്ടെന്നത് വ്യക്തമാണ്. കുട്ടികൾ തകർന്നുപോകാത്ത വിധംവേണം അവരെ സ്നേഹിക്കേണ്ടതെന്ന പാഠം ഹദ്റത്ത് ഇബ്റാഹീം(അ) നമുക്ക് നല്കിയിരിക്കുന്നു. കുട്ടികളെ മോശമാക്കിക്കളയുന്ന സ്നേഹം, സ്നേഹമല്ല ശത്രുതയാണ്. ഭൗതികസൗഖ്യത്തെക്കാൾ ആത്മീയവും ധാർമികവുമായ വിചാരം മുന്തി നില്ക്കേണ്ടതാണ്. പരിശ്രമിച്ചിട്ടും കുട്ടികൾ നന്നാകുന്നില്ലെങ്കിൽ അവനുമായി നിർബന്ധമായും

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

*മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.*

اِنَّ السُّمُوْمَ لَشَرُّ مَا فِی الْعَالَمِ ✡ شَرَّ السُّمُوْمِ عَدَاوَۃُ الصُّلَحَاءِ

**മുബാഹലക്കുശേഷം അബ്ദുൽഹഖിന് നിന്ദ്യത ഉണ്ടായിട്ടില്ലെന്ന് ഏതെങ്കിലും ന്യായാധിപൻ സത്യം ചെയ്താൽ മൗലവി അബ്ദുൽഹഖ് ഗസ്നവിക്കുവേണ്ടി 500 രൂപ സമ്മാനം.**

മൗലവി അബ്ദുൽഹഖ് ഗസ്നവിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ശത്രുതയെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ(ബദ്ർ വാള്യം 6 ലക്കം 25)ഞങ്ങൾ കുറച്ചുകാര്യങ്ങൾ പറഞ്ഞിരുന്നു. ഇയാൾ ജമാഅത്തിന്റെ കഠിനവിരോധിയായിരുന്നു. ഇയാളുടെ ബന്ധം അമൃതസറുമായിട്ടായിരുന്നു. ഇയാൾ 1310 ദുൽഖഅദ് മാസം 10 ന് - 1893 മെയ് 27 ന് അമൃതസറിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി മുബാഹല നടത്തിയിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദു(അ)ന്റെ നിബന്ധനയോടുകൂടിയ പ്രവചനത്തെ പ്രയോജനപ്പെടുത്തി ആഥിം 15 മാസത്തിനുള്ളിൽ മരിക്കാതിരുന്നപ്പോൾ അയാളുമായി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദു(അ)ചെയ്ത പ്രവചനം കളവായി പുലർന്നുവെന്നും അത് മുബാഹലയുടെ ഫലമാണെന്നും അബ്ദുൽഹഖ് ഗസ്നവി എഴുതിയിരുന്നു. മൗലവി അബ്ദുൽഹഖ് ഗസ്നവി അതിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിന്ദ്യതയും തന്റെ വന്ദ്യതയുമായി പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിനു നല്കിയ മറുപടിയിൽ പറഞ്ഞു: ഇത് മൗലവി അബ്ദുൽഹഖിന്റെ വ്യാജമായ സന്തോഷമാണ്. പ്രവചനം ഏതു വശത്തൂടെ നോക്കിയാലും സത്യമായി പുലർന്നു. ഇസ്ലാമിന് കനപ്പെട്ട വിജയമാണ് പ്രദാനം ചെയ്യപ്പെട്ടത്. ക്രിസ്തുമതത്തിന് കനത്ത തിരിച്ചടിയും ശാപവുമാണ്. അതായത് അയാൾ ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള വിശുദ്ധയുദ്ധത്തിൽ ഇസ്ലാം പരാജയപ്പെട്ടതായും ക്രൈസ്തവമതം വിജയിച്ചതായും പറഞ്ഞിരിക്കുന്നു. അബ്ദുൽഹഖ് മുബാഹലയിൽ ഇങ്ങനെ ദുആ ചെയ്തിരുന്നു. കള്ളം പറയുന്നവന്റെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകുമാറാകട്ടെ. ബർക്കത്തുകൾ നിഷേധിക്കപ്പെട്ടവനാകുമാറാകട്ടെ. ലോകത്ത് അവന്റെ പേരും അടയാളവും പോലും ഇല്ലാതിരിക്കുമാറാകട്ടെ. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതുമായി ബന്ധപ്പെട്ട് മുബാഹലയ്ക്കുശേഷം മൗലവി അബ്ദുൽ ഹഖിന് എങ്ങനെയുള്ള നിന്ദ്യകളാണുണ്ടായതെന്നും എന്തെന്തല്ലാം ശാപങ്ങളാണ് അയാളിൽ പതിഞ്ഞതെന്നും എന്നാൽ തനിക്ക് എത്തരത്തിലുള്ള ആദരവും പ്രസിദ്ധിയുമാണുണ്ടായതെന്നും വളരെ വ്യക്തമായും പറഞ്ഞു. ആദ്യം നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം മൗലവി അബ്ദുൽഹഖ് ഗസ്നവിയ്ക്കുമിടയിലുണ്ടായ മുബാഹലയെ കുറിച്ച് പറയുന്നതായിരിക്കും. പിന്നീട് മുബാഹലയുടെ ഫലമായി മൗലവി അബ്ദുൽഹഖ് ഗസ്നവിക്കുണ്ടായ നിന്ദ്യതയേയും ശാപങ്ങളേയും കുറിച്ചും ഹദറത്ത് മസീഹ് മൗഊദിന് അല്ലാഹുവിൽനിന്ന് പ്രദാനം ചെയ്യപ്പെട്ട ആദരവുകളേയും ബർക്കത്തുകളേയും പ്രസിദ്ധികളേയും സംബന്ധിച്ചും പ്രതിപാദിക്കുന്നതായിരിക്കും. മുബാഹല ചെയ്യാൻ ആവശ്യപ്പെട്ടത് മൗലവി അബ്ദുൽഹഖ് ഗസ്നവിയായിരുന്നു. അയാൾ മുബാഹഹലയ്ക്ക് നിർബന്ധം പിടിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിനുള്ള മറുപടിയിലെഴുതി: 'ഭാഗികമായ ഭിന്നതകളിൽ മുബാഹല ചെയ്യുക എന്നതും അതിന്റെ ഫലമായി മുസ്ലിമീങ്ങൾതന്നെ പരസ്പരം ശാപപ്രാർഥന നടത്തുന്നതും അനുവദനീയമല്ല. പിന്നീട് അല്ലാഹുവിന്റെ കല്പനയാൽ അബ്ദുൽ ഹഖിനോടു മുബാഹല സമ്മതിച്ചുവെന്ന് മാത്രമല്ല തന്നെ കാഫിറാക്കുകയും കളവാക്കുകയും ചെയ്യുന്ന എല്ലാവർക്കും, ആരുവേണമെങ്കിലും മുബഹലയിൽ പങ്കെടുക്കുന്നത് തനിക്ക് സമ്മതമാണെന്ന് അറിയിക്കുകയും ചെയ്തു. പക്ഷേ, എന്നിട്ടും അവിടന്ന് അബ്ദുൽഹഖിനോടുള്ള മുബാഹലയിൽ അദ്ദേഹത്തിന്റെമേൽ ലഅ്നത്ത് ചൊല്ലിയില്ല. കാരണം അബ്ദുൽഹഖിന്റെ ഈ പ്രവൃത്തിയെ അദ്ദേഹം വിഡ്ഢിത്തവും അജ്ഞതുമായി മനസ്സിലാക്കുകയാണ് ചെയ്തത്.

അബ്ദുൽഹഖിൽനിന്ന് മുബാഹലയുടെ വിജ്ഞാപനവും

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറുപടിയും.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) മിയാൻ അബ്ദുൽഹഖ് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിനുള്ള മറുപടിയിൽ മൗലവി അബ്ദുൽജബ്ബാർ ഗസ്നവിയ്ക്കെഴുതിയ ഒരു പറഞ്ഞു: **അസ്സലാമു അലയ്ക്കും.** അബ്ദുൽഹഖ് സാഹിബിന്റെ പേരിൽ ഒരു വിജ്ഞാപനം പ്രസിദ്ധികരിക്കപ്പെട്ടിരിക്കുന്നു. അതിൽ മുബാഹല നടത്താൻ അപേക്ഷിച്ചിരിക്കുകയാണ്. ഇന്നത്തെ പോസ്റ്റിൽ എനിക്കത് ലഭിച്ചു. അബ്ദുൽഹഖ് ആരാണെന്ന് എനിക്കറിയില്ല. ഏതെങ്കിലും സംഘത്തിന്റെ അനുയായിയോ നേതാവോ ആകും. അതുകൊണ്ടാണ് താങ്കൾക്ക് ഈ കത്തെഴുതുന്നത്. എന്റെ അഭിപ്രായത്തിൽ താങ്കളുടെ ജമാഅത്തിൽപ്പെട്ട ആളായിരിക്കുമെന്ന് വിചാരിച്ചാണ് എഴുതുന്നത്. വിജ്ഞാപനവും താങ്കളുടെ നിർദേശപ്രകാരം എഴുതിയിട്ടുളളതായിരിക്കും. മുബാഹല നടത്തുന്നതിൽ എനിക്ക് ഒരു തരത്തിലുള്ള ആക്ഷേപവുമില്ല. ഞാൻ ഈ ഉദ്ദേശ്യത്തോടുകൂടി ഏകദേശം 12000 ആളുകൾക്ക് കത്തുകളും വിജ്ഞാപനങ്ങളും വിവിധ രാജ്യങ്ങളിലെ വലിയ വലിയ എതിരാളികളുടെ പേരിൽ അയച്ചിരിക്കുന്ന സ്ഥിതിക്ക് താങ്കളുമായി മുബാഹല ചെയ്യുന്നതിൽ എന്തിന് അമാന്തിക്കണം. മുബാഹലയ്ക്കുവേണ്ടി ഞാൻ സന്നദ്ധനായി നില്ക്കുന്നു. പക്ഷേ, പ്രതിപാദിക്കപ്പെട്ട കാര്യങ്ങളിൽ താഴെ പറയുന്നകാര്യത്തിൽ ആദ്യം വ്യക്തതവരുത്തേണ്ടതാണ്:

(1) ഇത്തരം നിസാരമായ ഭാഗികകാര്യങ്ങളിൽ ഇൽഹാമുപരവും ഗവേഷണപരവുമായ നിലയിൽ അഭിപ്രായഭിന്നതയുണ്ടായാൽ അതിന്റെ തീരുമാനം ശാപം ചൊല്ലിലിലൂടെയും പരസ്പരം ശാപപ്രാർഥന ചെയ്തും - ഇതിന്റെ മറ്റൊരു പേരാണ് മുബഹല, പരിഹരിക്കുന്നത് അനുവദനീയമാണെന്ന് മൗലവി നദീർ ഹുസയ്ൻ ദഹ്ലവി, മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി, മൗലവി അഹ്മദുല്ലാഹ് സാഹിബ് അമൃതസരി തുടങ്ങി പേരുകേട്ട ചില മൗലവിമാർ സംയുക്തമായി ഫത്വാ എഴുതുക. കാരണം ഞാൻ വിചാരിക്കുന്നത് ഭാഗികമായ അഭിപ്രായഭിന്നതകൾ കൊണ്ട് മുസ്ലിമീങ്ങളെ ശാപങ്ങൾക്ക് കുറിമാനമാക്കുന്നത് ഒരിക്കലും അനുവദനീയമല്ലെന്നാണ്. ശരീഅത്തിന്റെ കല്പനയ്ക്കു വിരുദ്ധമായും മാർഗങ്ങളുടെ പഞ്ഞംകൊണ്ടും ഞങ്ങൾ മുസ്ലിമീങ്ങളുടെമേൽ ലഅ്നത്ത് ചൊല്ലുന്നതിന് അമൃതസറിലെത്തുകയാണെങ്കിൽ, മുസ്ലിമീങ്ങളുടെമേൽ എന്തിനു ലഅ്നത്ത് ചൊല്ലി എന്നും മുഅ്മിൻ ശപിക്കപ്പെട്ടവനാകുകയില്ലെന്നും അവന്റെ കൈയിൽനിന്നും നാവിൽനിന്നും ജനങ്ങൾ സുരക്ഷിതനായിരിക്കുമെന്നുമുള്ള ഹദീഥുകളെ ലംഘിച്ചതെന്തിനാണെന്നും പറഞ്ഞ് മൗലവി സാഹിബുമാർ ഞങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുമോ എന്ന് ഞങ്ങൾക്ക് ഭയമുണ്ട്. അതുകൊണ്ട് ആദ്യം നിർബന്ധമായും ചെയ്യേണ്ടത് ഫത്വ എഴുതുക എന്നതാണ്. ആ ഫത്വയിന്മേൽ ഞാൻ പറഞ്ഞ ആ മൂന്നു മൗലവിമാരുടേയും ഒപ്പ് ഉണ്ടാകേണ്ടതാണ്. അതിനെ സംബന്ധിച്ചുള്ള മൗലവിമാരുടെ ഫത്വാ എന്റെയടുത്തെത്തിയാൽ പിന്നീട് ഞാൻ അമൃതസറിൽ എത്തിയതായി മനസ്സിലാക്കിക്കൊള്ളുക.' (മജ്മൂആ ഇശ്തിഹാറാത്ത് വാള്യം 1, പേജ് 225, ഖാദിയാൻ പ്രസിദ്ധീകരണം 2019)

## മസീഹ് മൗഊദ്(അ)ന്റെ മറുപടിയിന്മേൽ അബ്ദുൽഹഖിന്റെ ആക്ഷേപം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മിയാൻ അബ്ദുൽ ഹഖ് സാഹിബ് ഗസ്നവിയുടെ മുബാഹലയ്ക്കുവേണ്ടി അദ്ദേഹം പ്രസിദ്ധീകരിച്ച ആദ്യത്തെ നോട്ടീസിനുള്ള മറുപടിയിൽ ഞാനിങ്ങനെ മറുപടി എഴുതിയിരുന്നു:മുസ്ലിമീങ്ങളുടെ ഭാഗികമായ അഭിപ്രായഭിന്നതകൾ കാരണം പരസ്പരം മുബാഹല ചെയ്യുക എന്നത് ശരീഅത്തുപ്രകാരം ഒരിക്കലും അനുവദനീയമല്ല. ഇസ്ലാം മതം അത്തരം അഭിപ്രായഭിന്നതകളാൽ നിറഞ്ഞു കിടക്കുകയാണ്........ഇതിനുള്ള മറുപടിയിൽ മിയാൻ അബ്ദുൽഹഖ് സാഹിബ് തന്റെ രണ്ടാമത്തെ നോട്ടീസിൽ ഈ വിനീതന് ഇങ്ങനെ മറുപടി എഴുതുന്നു:മുസ്ലിമീങ്ങളിൽ ഭാഗികമായ അഭിപ്രായ ഭിന്നതകൾ കാരണത്താൽ മുബാഹല അനുവദനീയമല്ലെങ്കിൽ താങ്കൾ മൗലവി മുഹമ്മദു ഇസ്മായീലുമായി ഫതഹെ ഇസ്ലാം എന്ന പുസ്തകത്തിൽ എന്തിനാണ് മുബാഹലയ്ക്ക് അഭ്യർഥിച്ചത്? ആ അഭ്യർഥന ഏതെങ്കിലും ഭാഗികായ അഭിപ്രായ ഭിന്നതയുടെ അടിസ്ഥാനത്തിലായിരുന്നില്ലെന്ന് അദ്ദേഹം മനസ്സിലാക്കേണ്ടതാണ്. (Ibid പേജ് 230 - 231)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുബാഹലയ്ക്കായുള്ള പൊതുവായ നോട്ടീസ് മൗലവി മുഹമ്മദു ഇസ്മായീലിന് താങ്കൾ എന്തിന്റെ അടിസ്ഥാനത്തിലാണ് മുബാഹലയ്ക്ക് ക്ഷണിച്ചതെന്ന കാര്യം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കി. അത് വാസ്തവത്തിൽ ഏതെങ്കിലും ഭാഗികമായ ഭിന്നിപ്പായിരുന്നില്ല. പ്രത്യുത ഒരു അടിസ്ഥാനപരമായ ഭിന്നിപ്പിലായിരുന്നു. അതിനുശേഷം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സമ്മതത്തോടെ മുബഹലയുടെ പൊതുവായ നോട്ടീസ് പ്രസിദ്ധീകരിച്ചു. അതിനെ കുറിച്ചാണ് താഴെ പറയുന്നത്:

ഭാഗികമായ അഭിപ്രായഭിന്നതകൾ കാരണത്താലോ അല്ലെങ്കിൽ തങ്ങളുടെ അജ്ഞതനിമിത്തമോ ഈ വിനീതനെ കാഫിറാക്കുന്ന ആ എല്ലാ മൗലവിമാരോടും മുഫ്തിമാരോടും അപേക്ഷിക്കുകയണ്, ഇപ്പോൾ നിങ്ങളോടു മുബാഹലചെയ്യാൻ അപേക്ഷിക്കുന്നതിന് ഞാൻ അല്ലാഹുവിൽനിന്ന് മാമൂർ(കല്പിക്കപ്പെട്ടവൻ)ആയിരിക്കുകയാണ്. ഈ രീതിയിൽ ഒന്നാമതായി നിങ്ങളെ മുബാഹല മജ്ലിസിൽ എന്റെ വിശ്വാസത്തിനുള്ള തെളിവുകൾ വിശുദ്ധ ഖുർആനിന്റേയും ഹദീഥുകളുടേയും അടിസ്ഥാനത്തിൽ കേൾപ്പിക്കപ്പെടട്ടെ. എന്നിട്ടും നിങ്ങൾ കാഫിറാക്കുന്നതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ അതേ മജ്ലിസിൽ മുബാഹല നടത്തുന്നതാണ്. അതുകൊണ്ട് എന്റെ ആദ്യ സംബോധിതൻ മിയാൻ നദീർ ഹുസയ്ൻ ദഹ്ലവിയാണ്. അദ്ദേഹം നിഷേധിക്കുകയാണെങ്കിൽ പിന്നീടുള്ള ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബത്ത്വാലവിയാണ്. ഇനി അദ്ദഹവും നിഷേധിക്കുകയാണെങ്കിൽ എന്നെ കാഫിറായി മനസ്സിലാക്കുന്ന മുസ്ലിമീങ്ങളിൽ നേതാവാണെന്ന് കരുതപ്പെടുന്ന മറ്റെല്ലാ മൗലവിമാരുമാണ്. ഞാൻ ആ എല്ലാവർക്കും ഇന്നത്തെ തിയതിയായ 1892 ഡിസംബർ 10 മുതൽ നാലുമാസവരെ നീട്ടിത്തരുകയാണ്, അവർ നാലുമാസത്തിനുള്ളിൽ ഞാനുമായി മുകളിൽപറയപ്പെട്ട നിബന്ധനകൾ പാലിച്ച് മുബാഹല ചെയ്തില്ലെങ്കിൽ, കാഫിർ എന്നു പറയുന്നതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ഹുജ്ജത്ത് (ന്യായപൂർത്തി) അവരിൽ പൂർത്തിയാകുന്നതായിരിക്കും. (Ibid പേജ് 363)

## എനിക്ക് അബ്ദുൽഹഖിനോടും ആലിം അല്ലെങ്കിൽ മൗലവി എന്നു പറയപ്പെടുന്ന എല്ലാവരോടും മുബാഹല ചെയ്യാൻ സമ്മതമാണ്.

അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതി: കുറച്ചുകാലമായി അമൃതസറിൽ താമസിക്കുന്ന ഗസ്നവി സാഹിബുമാരുടെ ജമാഅത്തിൽനിന്നുള്ള അബ്ദുൽഹഖ് എന്നു പേരുകാരനായ ഒരു സാഹിബ് ഈ വിനീതനെ മുബാഹലയ്ക്കു ക്ഷണിച്ചുകൊണ്ട് നോട്ടീസിറക്കിയത് വായനക്കാർ മനസ്സിലാക്കിയിട്ടുണ്ടാകും. ആ നേരത്ത് ഇവർ കലിമ ചൊല്ലുന്നവരും ഖിബ്ലക്കാരുമായതുകൊണ്ട് അവരെ ശാപങ്ങൾക്ക് കുറിമാനമാക്കുന്നത് അനുവദനീയമല്ലെന്നാണ് വിചാരിച്ചിരുന്നത്. അതുകൊണ്ട് അവർ കാഫിറാക്കുന്നതിൽ നിർബന്ധം പിടിക്കുന്നതുവരെ അവരുടെ അഭ്യർഥന സ്വീകരിക്കുന്നതിൽ താമസമുണ്ടായി. പിന്നീട് കാഫിറാക്കിക്കൊണ്ടുള്ള ഫത്വ തയ്യാറായതിനുശേഷം ഇവിടെനിന്നും മുബഹലയ്ക്ക് നോട്ടീസ് നലകപ്പെട്ടു. അതു ആയിനയെ കമാലാത്തെ ഇസ്ലാം എന്ന ഗ്രന്ഥത്തിലും ചേർത്തിട്ടുണ്ട്. എന്നാൽ, ഇതുവരെ ആരുംതന്നെ മുബാഹല ചെയ്യാൻ വന്നില്ല. (Ibid പേജ് 418)

ഹിജ്റ 1310 ശവ്വാൽ 26 ന് അബ്ദുൽഹഖ് ഗസ്നവി പ്രസിദ്ധീകരിച്ച ഒരു നോട്ടീസ് എന്റെ ദൃഷ്ടിയിൽപ്പെട്ടു. അതുകൊണ്ടാണ് ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്നത്. എനിക്ക് അബ്ദുൽഹഖിനോടും ആലിം അല്ലെങ്കിൽ മൗലവി എന്നു പറയപ്പെടുന്ന എല്ലാവരോടും മുബാഹല ചെയ്യാൻ സമ്മതമാണ്. ഇൻശാ അല്ലാഹുൽ ഖദീർ ഞാൻ ഹിജ്റ 1310 ദുൽഖഅദ് മൂന്ന് അല്ലെങ്കിൽ നാലിന് അമൃതസറിലെത്തുന്നതായിരിക്കും. മുബാഹലയുടെ തിയതി ദുൽഖഅദ് പത്ത്, ഇനി മഴയോ മറ്റെന്തങ്കിലും അത്യാവശ്യം കൊണ്ടോ മാറ്റേണ്ടവന്നാൽ 1310 ദുൽഖഅദ് പതിനൊന്നിന് മുബാഹല നടത്താമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇത് ഒരു കാരണവശാലും മാറ്റിവെക്കാപ്പെടാവതല്ല. മസ്ജിദ് ഖാൻബാഹാദുർ മുഹമ്മദ് ശാഹ് മർഹൂമിന്റെ അടുത്തുള്ള ഈദു ഗാഹ് മുബാഹല നടക്കുന്ന സ്ഥലമായി നിശ്ചയിച്ചിരിക്കുന്നു. കാരണം ദിവസത്തിന്റെ ആദ്യ ഭാഗത്ത് ഏകദേശം 12 മണിവരെ ക്രിസ്ത്യാ

(ശേഷം പേജ് 12 ൽ)

## ഖുത്ബ ജുമുഅ

**"കഷ്ടം! കഷ്ടം! ഇതിലെ മുന്തിയഭാഗം സ്വയം കഴിക്കുകയും ഒന്നിനും കൊള്ളാത്ത ഭാഗം ജനങ്ങളെക്കൊണ്ടു കഴിപ്പിക്കുകയും ചെയ്താൽ ഞാൻ എത്രയും മോശപ്പെട്ടമേൽനോട്ടക്കാരനായിരിക്കും. ഈ പാത്രം ഇവിടെനിന്ന് എടുത്തു മാറ്റുക. നമുക്ക് മറ്റെന്തങ്കിലും ഭക്ഷണം കൊണ്ടുവരിക."**

നബി(സ)തിരുമേനിയുടെ ഒരു നിർദേശമനുസരിച്ച് ഹദ്റത്ത് ഉമർ(റ) യഹൂദികളേയും ക്രിസ്ത്യാനികളേയും യമനിൽനിന്ന് പുറത്താക്കിയപ്പോൾ അവരുടെ സ്ഥലങ്ങളൊന്നും പിടിച്ചെടുക്കാതെ വിലക്കുവാങ്ങുകയാണ് ചെയ്തത്.

ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഹിജ്റ 70-ൽ മസ്ജിദ് നബവിയുടെ വിപുലീകരണം നടന്നു. കാനേഷുമാരിയും പ്രാബല്യത്തിൽവന്നു. പ്രജകളിൽ റേഷനിംഗം സംവിധാനം തുടങ്ങി. മജ്‌ലിസ് ശൂറാ നിലവിൽ വന്നു. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

ക്ഷാമകാലത്ത് ഹദ്റത്ത് ഉമർ(റ)പതിവില്ലാത്ത ഒരു പുതിയ പ്രവൃത്തി ചെയ്തിരുന്നു. അദ്ദേഹം ജനങ്ങൾക്ക് ഇശാ നമസ്കരിച്ച ശേഷം വീട്ടിൽവരും. എന്നിട്ട് രാത്രിയുടെ അന്ത്യയാമം വരെ തുടർച്ചയായി നമസ്കരിച്ചുകൊണ്ടിരിക്കും. അതുകഴിഞ്ഞ് അദ്ദേഹം പുത്തിറങ്ങും. എന്നിട്ട് മദീനയുടെ നാലു ഭാഗത്തും ചുറ്റിക്കറങ്ങും.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഇബ്റാഹീമിൽനിന്ന് നിവേദനം. ഏറ്റവുമാദ്യം മസ്ജിദ് നബവിയിൽ പായ വിരിച്ചത് ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബായിരുന്നു.

**ഇസ്‌ലാം തന്നെയാണ് പൗരാവകാശം നിലവിൽ കൊണ്ടുവന്നത്. ഇസ്‌ലാമിക ദൃഷ്ട്യാ ഒരു വ്യക്തിയുടെ ഭക്ഷണം, പാർപിടം, വസ്ത്രം എന്നിവ ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ഇസ്‌ലാം തന്നെയാണ് ഈ അടിസ്ഥാന കാര്യത്തിന് ആദ്യം തുടക്കം കുറിച്ചത്.**

ഉമറിന്റെ കാലഘട്ടത്തിൽ രാജ്യങ്ങളെ പ്രവിശ്യകളായി തരംതിരിച്ചു. ഭരണസംവിധാനം എളുപ്പമാക്കാനായിരുന്നു ഹദ്റത്ത് ഉമർ അപ്രകാരം ചെയ്തത്. ഒന്ന് മക്ക, രണ്ട് മദീന, മൂന്ന് ശാം. നാല് ജസീറ, അഞ്ച് ബസ്വറ, ആറ് കൂഫ, ഏഴ് മിസ്ർ, എട്ട് ഫലസ്തീൻ.

ഹദ്റത്ത് ഉമർ(റ) ഗവർണർമാരെക്കൊണ്ട് ഇങ്ങനെ പ്രതിജ്ഞ ചെയ്യിക്കുമായിരുന്നു. തുർക്കി കുതിരകളുടെമേൽ സവാരി ചെയ്യില്ല. നേർത്ത വസ്ത്രം ധരിക്കില്ല. അരിച്ച ആട്ട കഴിക്കില്ല. വാതിലിൽ ഭടന്മാരെ നിശ്ചയിക്കുകയില്ല. ജനങ്ങൾക്കുവേണ്ടി എപ്പോഴും വാതിലുകൾ തുറന്നു വെക്കും........ഗവർണർമാരെ നിയമിച്ച ശേഷം അവരുടെ ധനവും സമ്പത്തും പരിശോധിക്കുമായിരുന്നു. അവരുടെ സാമ്പത്തിക സ്ഥിതി വല്ലാതെ കൂടുതലായാൽ അതെക്കുറിച്ച് തൃപ്തികരമായ മറുപടി നൽകാത്ത പക്ഷം അവരെ വിചാരണ ചെയ്യുകയും കൂടുതലുള്ള ധനം ബയ്ത്തുൽമാലിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു.

**അബ്ദുർറഹ്മാൻ ബിൻ അബീലയ്‌ല പറഞ്ഞു:** 'നബി(സ)തിരുമേനി ഹദ്റത്ത് ഉസാമയെ 10,000 സ്വഹാബാക്കളുടെ നേതാവാക്കി യുദ്ധത്തിന് അയച്ചിരുന്നു. അക്കൂട്ടത്തിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറുമെല്ലാമുണ്ടായിരുന്നു. ആ നേരത്ത് ഹദ്റത്ത് ഉസാമ ബിൻ സയ്ദിനുണ്ടായിരുന്നതിനെക്കാൾ ഒരു വയസ്സ് അധികമാണ് എനിക്കുള്ളത്.'

കേന്ദ്ര അഹ്മദിയ്യ ആർക്കൈവ്സ് (archives)വകുപ്പും റിസർച്ച് സെന്ററും കൂടി തയ്യാറാക്കിയിട്ടുള്ള അഹ്മദിയ്യാ എൻസൈക്ലോപീഡിയായുടെ വെബ്സൈറ്റായ www.ahmadipedia.org ന്റെ ഉൽഘാടനം. മുഴുവൻ ജമാഅത്തുകളുടേയും സഹകരണത്തോടെ തയ്യാറാകുന്ന ഒരുപ്രൊജക്ടായി ഈ വെബ്സൈറ്റ് മാറുന്നതായിരിക്കും. ഇൻശാ അല്ലാഹ് എല്ലാ അഹ്മദികൾക്കും പ്രയോജനപ്പെടുന്നതുമായിരിക്കും.

**ഖുത്ബ ജുമുഅ 2021 ജൂലായ് 02/1400 വഫാ 02,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമറിനെക്കുറിച്ചാണ് വിവരിച്ചുകൊണ്ടുവരുന്നത്. അതുതന്നെയാണ് ഇന്നും വിവരിക്കുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ഹദ്റത്ത് ഉമറിനെക്കുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ നിർദേശത്തിന്റെ വെളിച്ചത്തിൽ പിൽക്കാലത്ത് ഹദ്റത്ത് ഉമർ യമനിൽനിന്ന് ക്രിസ്ത്യാനികളേയും ജൂതന്മാരേയും പുറത്താക്കിയപ്പോൾ അദ്ദേഹം അവരുടെ ഭൂമി പിടിച്ചെടുക്കാതെ വിലയ്ക്കു വാങ്ങുകയാണ് ചെയ്തത്. ഇക്കാര്യം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'ക്രിസ്ത്യാനികളുടേയും ജൂതന്മാരുടേയും കീഴിലുണ്ടായിരുന്ന യമനിലെ സ്ഥലം റവന്യൂ സ്ഥലമായിരുന്നു. പക്ഷേ, ഹദ്റത്ത് ഉമർ(റ) ക്രിസ്ത്യാനികളിൽനിന്നും ജൂതന്മാരിൽനിന്നും ആ ഭൂമി ഏറ്റെടുക്കുകയും അവരെ അറേബ്യൻ ദ്വീപിൽനിന്ന് പുറത്താക്കുകയും ചെയ്തപ്പോൾ അത് റവന്യൂ സ്ഥലമായിരുന്നിട്ടും, നിയമപരമായി സർക്കാർ അതിന്റെ ഉടമയായിരുന്നിട്ടും അദ്ദേഹം അത് അവരിൽനിന്ന് പിടിച്ചെടുത്തില്ല. പ്രത്യുത വിലയ്ക്കു വാങ്ങുകയാണ് ചെയ്തത്. ബുഖാരിയുടെ ശറഹായ ഫതഹുൽബാരിയിൽ ഈ ഹദീഥ് രേഖപ്പെടുത്തിയിട്ടുണ്ട്. **അൻ യഹ്‌യാ ബിൻ സയീദിൻ അന്ന ഉമറ അജ്‌ലാ അഹ്‌ല നജ്റാന വൽയഹൂദ വന്നസ്വാറാ വശ്ത്തറാ ബയാള അർളിഹിം വ കുറൂമഹും** അതായത് യഹ്‌യാ ബിൻ സയീദ് നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉമർ(റ) നജ്റാനിലെ അന്യാരാധകരേയും യഹൂദികളേയും ക്രിസ്ത്യാനികളേയും അവിടെനിന്ന് നാടുകടത്തുകയും അവരുടെ സ്ഥലങ്ങളും തോട്ടങ്ങളും വിലകൊടുത്തുവാങ്ങുകയും ചെയ്തു. യഹൂദികളുടെ സ്ഥലം അവർക്ക് അവകാശപ്പെട്ടതാകുകയില്ലെന്ന കാര്യം വ്യക്തമാണ്. കാരണം അങ്ങനെ വന്നാൽ അതിന്റെ ഉടമസ്ഥാവകാശം ഏതെങ്കിലും മുസലിമിനായിരിക്കും. അപ്പോൾ യഹൂദികളിൽനിന്ന് അത് വിലക്കുവാങ്ങേണ്ട പ്രശ്നം തന്നെ ഉദിക്കുന്നില്ല. അതിനാൽതന്നെ അത് തീർച്ചയായും റവന്യൂസ്ഥലമായിരുന്നു;

ഇന്ത്യയിലും റവന്യൂസ്ഥലമെന്ന് പറയുന്നതു പോലെ. എന്നാൽ, ഹദ്റത്ത് ഉമർ(റ)അതു റവന്യൂ സ്ഥലമാണെന്ന് അറിഞ്ഞിട്ടും അതു പിടിച്ചെടുക്കാതെ അവരിൽനിന്ന് അത് വിലക്കു വാങ്ങുകയായിരുന്നു. ഇനി ആ സ്ഥലം റവന്യൂ സ്ഥലമോ ഉശ്രിയോ(വിളവിന്റെ സക്കാത്തുള്ള സ്ഥലം)ആയിരുന്നില്ല. പ്രത്യുത മറ്റേതെങ്കിലും വിധത്തിലുള്ളതാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അങ്ങനെ ചിന്തിക്കുന്നതുതന്നെ വ്യർഥമാണ്. അത് ഇസ്‌ലാമിക ശരീഅത്തിനെ കുറിച്ചുള്ള അജ്ഞതയാണ് വെളിവാക്കുന്നത്. 'ഉശ്രിയും ഖിറാജീയുമല്ലാത്ത ഒരു സ്ഥലവും ഇസ്‌ലാമിലില്ല;എന്നാൽ, ഏതെങ്കിലും വ്യക്തിയുടെ ഉമസ്ഥതയിലില്ലാത്ത തരിശുഭൂമിയുണ്ടായെന്നു വരാം. ഏതായാലും ജൂതന്മാരുടേയും ക്രിസ്ത്യാനികളുടേയും നജ്റാൻ വാസികളായ അന്യാരാധകരുടേയും സ്ഥലം അത് റവന്യൂ സ്ഥലമോ ഉശ്രിയോ(വിളവിന്റെ സക്കാത്തുള്ള സ്ഥലം) ആവട്ടെ രണ്ടവസ്ഥയിലും അതു കൈവശം വെച്ചവരെ ഹദ്റത്ത് ഉമർ(റ) അതിന്റെ ഉടമസ്ഥരായി കണക്കാക്കുകയും അവരിൽനിന്ന് ആ സ്ഥലം വിലക്കെടുക്കുകയുമാണ് ചെയ്തത്.' (ഇസ്‌ലാം ഔർ മിൽക്കിയ്യത്തെ സമീൻ, അൻവാറുൽഉലൂം വാള്യം 21, പേജ് 444, 478-479)

ഇസ്‌ലാമിൽ യുദ്ധത്തടവുകാരെയല്ലാതെ അടിമകളാക്കി വെക്കുന്നത് വിലക്കിയതു സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു പറയുകയാണ്, **തുരീദൂന അർളദ്ദുൻയാ** അല്ലയോ മുസ്‌ലിമീങ്ങളേ! മറ്റുള്ളവരെപ്പോലെ അന്യസമുദായക്കാരെ പിടികൂടി സ്വന്തം ശക്തിയും കരുത്തും കൂട്ടാമെന്നാണോ നിങ്ങളും ആഗ്രഹിക്കുന്നത്. **വല്ലാഹു യുരീദുൽ ആഖിറത്ത** നിങ്ങൾ ലോകത്തിന്റെ പിന്നാലെ പോകാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. അല്ലാഹു ഇച്ഛിക്കുന്നത് നിങ്ങൾക്ക് ശുഭപര്യവസാനമുണ്ടാക്കുന്ന കാര്യങ്ങൾ നിങ്ങളോടു കല്പിച്ച് അപ്രകാരം വഴിനടത്താനും പരലോകത്ത് നിങ്ങളെ ദൈവപ്രീതിയ്ക്കും അവന്റെ സന്തോഷത്തിനും അർഹരാക്കാനുമാണ്. അതിന് നിങ്ങൾ യുദ്ധവേളയിൽ പിടികൂടിയ തടവുപുള്ളികളെയല്ലാതെ മറ്റാരേയും ബന്ദികളാക്കാതിരിക്കുന്നതാണ് നിങ്ങൾക്കുത്തമം. ഈ കല്പന ഇസ്‌ലാമിന്റെ ആരംഭം മുതലെ പാലിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഉമർ(റ) ഖലീഫയായി വന്നപ്പോൾ ഒരിക്കൽ യമനിലെ ജനങ്ങളുടെ ഒരു സംഘം അദ്ദേഹത്തിന്റെ അടുത്തു വന്നു. അവർ ഇപ്രകാരം പരാതിപ്പെട്ടു. 'ഇസ്‌ലാമിനുമുമ്പേ ക്രിസ്ത്യാനികൾ ഞങ്ങളെ യുദ്ധമൊന്നും കൂടാതെ വെറുതെ ബലാൽക്കാരമായി അടിമകളാക്കി വെച്ചിരുന്നു. അതിനു മുമ്പേ ഞങ്ങൾ സ്വതന്ത്രരായ ഗോത്രവാസികളായിരുന്നു. ഞങ്ങളെ ഈ അടിമത്വത്തിൽനിന്ന് സ്വതന്ത്രമാക്കിയാലും.' ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഈ സംഭവം ഇസ്‌ലാമിനു മുമ്പേയുള്ളതാണെങ്കിലും ഞാനിക്കാര്യത്തെ കുറിച്ച് അന്വേഷണം നടത്തുന്നതാണ്. നിങ്ങൾ പറഞ്ഞത് ശരിയാണെന്നു തെളിഞ്ഞാൽ നിങ്ങളെ ഉടനടി സ്വതന്ത്രരാക്കുന്നതാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇവിടെ ഇസ്‌ലാമിനേയും യൂറോപ്യൻകാരേയും തുലനം ചെയ്യുകയാണ്. പറയുന്നു: 'ഹദ്റത്ത് ഉമർ(റ) നടപ്പിലാക്കിയ ഇസ്‌ലാമികാധ്യാപനമായിരുന്നു അത്. അദ്ദേഹം അവർക്ക് അക്കാര്യത്തിൽ ആശ്വാസവുമേകി. എന്നാൽ, ഇതിനു വിപരീതമായി യൂറോപ്പിലെന്താണ് സംഭവിക്കുന്നത്? യൂറോപ്യൻകാർ തങ്ങളുടെ കച്ചവടങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും 19-ാം നൂറ്റാണ്ടിന്റെ തുടക്കംവരെ അടിമസമ്പ്രദായം തുടർന്നുപോരുകയും ചെയ്തു. ഇസ്‌ലാമിക ചരിത്രത്തിൽനിന്ന് അമുസ്‌ലിം അടിമകളെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽക്കൂടി അടിമ സമ്പ്രദായത്തിലൂടെ രാജ്യത്ത് കച്ചവടത്തിനോ കൃഷിക്കോ പ്രചാരം നല്കിയതായി ഒരിടത്തും കാണാൻ കഴിയുകയില്ല. ഇസ്‌ലാമിൽ അങ്ങനെയൊരു കാഴ്ചപ്പാടുതന്നെയില്ല.'

ഒരിക്കൽ ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ മദീനയിലും പ്രാന്തപ്രദേശങ്ങളിലും രൂക്ഷമായ ക്ഷാമമുണ്ടായി. ശക്തമായ കാറ്റു വീശുമ്പോൾ ചാരംപോലെ മണ്ണ് പറക്കുമായിരുന്നു. അക്കാരണത്താൽ ആ വർഷത്തെ 'ആമുർറമാദ' അഥവാ ചാരവർഷം എന്നു പേരിട്ടു. (താരീഖു ത്വബരി, വാള്യം 2, പേജ് 508, ഹിജ്റ 18, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)

ഔഫ് ബിൻ ഹാരിഥ്(റ) തന്റെ പിതാവിൽനിന്ന് രിവായത്തു ചെയ്യുന്നു: 'ഈ വർഷത്തിന്റെ പേര് 'ആമുർറമാദ' അതായത് 'ചാരത്തിന്റെ വർഷം' എന്ന് വെക്കപ്പെട്ടിരിക്കുന്നത് മുഴുവൻ ഭൂമിയും മഴയില്ലാത്തകാരണത്താൽ കറുത്ത് ചാരസമാനമായിത്തീർന്നിരുന്നതിനാലാണ്. ഈ അവസ്ഥ 9 മാസത്തോളം നിലനിന്നു.' ഹസാം ബിൻ ഹിശാം തന്റെ പിതാവിൽനിന്നു നിവേദനം. 'ഹിജ്റ 18 ന് ജനങ്ങൾ ഹജ്ജ് ചെയ്ത് മടങ്ങവെ അവർക്ക് വളരെ പ്രയാസം നേരിട്ടു. രാജ്യത്ത് കൊടും വരൾച്ചയുണ്ടായി. കന്നുകാലികൾ ചത്തൊടുങ്ങി. ജനങ്ങൾ വിശപ്പുകൊണ്ട് മരിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ആളുകൾ ദ്രവിച്ച എല്ലുപൊടി വെള്ളത്തിൽ കലക്കി കുടിക്കാൻ തുടങ്ങി. അതുപോലെ മാളങ്ങളിൽനിന്ന് എലികളെ പിടിച്ച് തിന്നാൻ തുടങ്ങി.' ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന് നിവേദനം. 'ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ), ഹദ്റത്ത് അംറ് ബിൻ ആസിന് ഒരു കത്തയച്ചു:

**'ബിസ്മില്ലാഹിർറഹ്മാനിർറഹീം.** ആസീ ബിൻ ആസിക്ക് അല്ലാഹുവിന്റെ ദാസൻ അമീറുൽമുഅ്മിനീൻ ഉമർ എഴുതുന്നത്: അങ്ങയിൽ സമാധാനമുണ്ടാകട്ടെ. അമ്മാബഅ്ദ് താങ്കൾ ഞാനും എന്റെ കൂടെയുളളവരും മരിച്ചുകാണാനും താങ്കളും താങ്കളുടെ കൂടെയുള്ളവരും മാത്രം ജീവിച്ചിരിക്കാനുമാണോ ആഗ്രഹിക്കുന്നത്? ആരെങ്കിലുമുണ്ടോ ഞങ്ങൾക്ക് സഹായം ചെയ്യാൻ. അദ്ദേഹം മൂന്നു തവണ സഹായം, സഹായം, സഹായം എന്നെഴുതി. ആസീ ബിൻ ആസി അതിനു മറുപടി എഴുതി: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം. ആരാധനയ്ക്കർഹൻ മറ്റാരുമില്ലാത്തവനായ അല്ലാഹുവിന്റെ ദാസൻ എഴുതുന്നത്. അമ്മാ ബഅ്ദ്. അങ്ങയുടെ പക്കൽ സഹായം ഇതാ എത്തിക്കഴിഞ്ഞിരിക്കുന്നു. അല്പം കാത്തിരിക്കുക. ഞാൻ അങ്ങയുടെ അടുത്ത് ഒട്ടകങ്ങളുടെ ഒരു സംഘം അയക്കുകയാണ്. അതിന്റെ മുൻഭാഗത്തുള്ള ആദ്യ ഒട്ടകം താങ്കളുടെ അടുത്തും പിൻനിരയിലെ അവസാന ഒട്ടകം എന്റെയടുത്തുമായിരിക്കും. അതായത് അത്ര വലിയ യാത്രാസംഘമായിരിക്കുമത്. ഒരു നീണ്ടനിരയായിരിക്കുമത്.'

മിസ്ർ ഗവർണരായ ഹദ്റത്ത് അംറ് ബിൻ ആസ്(റ) അരിയുടേയും ഗോതമ്പിന്റേയും ചാക്കുകൾ കയറ്റിയ ആയിരം ഒട്ടകം അയച്ചുകൊടുത്തു. നെയ്യും വസ്ത്രങ്ങളും അതിനു പുറമെയായിരുന്നു. ഇറാഖ് ഗവർണരായ ഹദ്റത്ത് സഅ്ദ്(റ) ധാന്യങ്ങൾ കയറ്റിയ മൂവായിരം ഒട്ടകം അയച്ചുകൊടുത്തു. വസത്രങ്ങളും മറ്റും അതിനു പുറമെയും. സിറിയ ഗവർണർ ഹദ്റത്ത് അമീർ മുആവിയ(റ) രണ്ടായിരം ഒട്ടകം ധാന്യം കയറ്റി അയച്ചു. വസത്രങ്ങളും മറ്റും അതിനു പുറമെയും. ആദ്യത്തെ ധാന്യക്കൂമ്പാരം എത്താറായപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ), ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിനോടു പറഞ്ഞു, 'താങ്കൾ പോയി ആ ഒട്ടകക്കൂട്ടത്തെ അവിടെ തടഞ്ഞ് അത് ഗ്രാമവാസികളിലേക്ക് തിരിച്ചുവിടുക. ആദ്യം അവിടെ വിതരണം ചെയ്യുക. അല്ലാഹുവാണ! നബി(സ)തിരുമേനിയുടെ സഹവാസത്തിനുശേഷം നിങ്ങൾക്ക് ഇതിലും വലിയ മഹത്തായ കാര്യം വേറെ കിട്ടാനില്ല. ധാന്യച്ചാക്കുകൾകൊണ്ട് അവർക്ക് ധരിക്കാനുള്ള കട്ടികൂടിയ പുതപ്പുണ്ടാക്കുക. അവർക്കുവേണ്ടി ഒട്ടകങ്ങളെ അറുക്കുക. അവയുടെ മാംസം
അവർ കഴിക്കുകയും നെയ്യ് ആവശ്യത്തിന് അവർ കൊണ്ടുപോകുകയും ചെയ്യട്ടെ. തങ്ങൾ മഴവരുന്നതുവരെ കാത്തിരുന്നോളാം എന്ന് അവർ പറയുന്നതും കാത്ത് നിങ്ങൾ ഇരിക്കരുത്. അല്ലാഹു അവർക്ക് ക്ഷേമം തിരിച്ചു നല്കുന്നതുവരെ അവർ അത് ഉപയോഗിച്ച് ഭക്ഷണം ഉണ്ടാക്കി കഴിക്കുകയും സംഭരിച്ചു വെക്കുകയും ചെയ്യട്ടെ. ആളുകൾ സുലഭമായി ഭക്ഷണമുണ്ടാക്കി കഴിക്കുകയും നാളേക്കു വേണ്ടി കരുതി വെക്കുകയും ചെയ്യട്ടെ.' ഹദ്റത്ത് ഉമർ ഭക്ഷണം തയ്യാറാക്കിപ്പിക്കുകയും എന്നിട്ട് നാടുനീളെ വിളംബരപ്പെടുത്തുകയും ചെയ്യുമായിരുന്നു. ഭക്ഷണം കഴിക്കേണ്ടവർ വന്നു കഴിക്കാനും കൂടെകൊണ്ടുപോകാൻ താൽപര്യമുള്ളവർ കൊണ്ടുപോകാനും പ്രഖ്യാപനം നടത്തി. തനിക്കും തന്റെ വീട്ടുകാർക്കും മതിവരുവോളം വേണ്ട ഭക്ഷണം കൊണ്ടുപോകാൻ ഓരോരുത്തർക്കും അനുവാദമുണ്ടായിരുന്നു. ഥരീദ് അതായത് റൊട്ടി മുറിച്ച് കറിയിലിട്ട് തയ്യാറാക്കുന്ന വിഭവം ഹദ്റത്ത് ഉമർ ജനങ്ങൾക്ക് വിളമ്പികൊടുക്കുമായിരുന്നു. റൊട്ടികളുണ്ടാക്കുകയും എളുപ്പത്തിൽ തയ്യാറാക്കാവുന്ന ഒലിവെണ്ണകൊണ്ട് കറി പാകം ചെയ്യുകയും ചെയ്തിരുന്നു. ഒട്ടകങ്ങളും അറുക്കപ്പെട്ടിരുന്നു. ഹദ്റത്ത ഉമറും എല്ലാവരോടുമൊപ്പം ഇരുന്ന് അവരെപ്പോലെ ഭക്ഷണം കഴിച്ചിരുന്നു.

അബ്ദുല്ലാഹ് ബിൻ സയ്ദ് ബിൻ അസ്‌ലം തന്റെ പിതാമഹനായ അസലമിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് ഉമർ തുടർച്ചയായി നോമ്പെടുത്തിരുന്നു. 'ആമുർറമാദി'ന്റെ കാലത്ത് ഹദ്റത്ത് ഉമറിന്റെ അടുത്ത് ഒലിവെണ്ണ ചേർത്ത റൊട്ടി എത്തുമായിരുന്നു. ജനങ്ങൾ ഒരു ദിവസം ഒട്ടകത്തെ അറുത്ത് എല്ലാവർക്കും ഭക്ഷണം വിതരണം ചെയ്തു. ഹദ്റത്ത് ഉമറിനുവേണ്ടി മുന്തിയഭാഗം മാറ്റി വെക്കുകയും അത് അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്തു. അതിൽ ഒട്ടകപ്പൂഞ്ഞിന്റേയും കരളിന്റേയും കഷണങ്ങളുണ്ടായിരുന്നു. ഇതെവിടെന്ന് വന്നതാണെന്ന് ഹദ്റത്ത് ഉമർ ചോദിച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്നവർ പറഞ്ഞു: 'യാ അമീറൽമുഅ്മിനീൻ! ഇതു ഞങ്ങൾ അറുത്ത ഒട്ടകങ്ങളുടെ ഭാഗമാണ്.' അദ്ദേഹം പറഞ്ഞു: 'കഷ്ടം! കഷ്ടം! ഇതിലെ മുന്തിയഭാഗം സ്വയം കഴിക്കുകയും ഒന്നിനും കൊള്ളാത്ത ഭാഗം ജനങ്ങളെക്കൊണ്ടു കഴപ്പിക്കുകയും ചെയ്താൽ ഞാൻ എത്രയും മോശപ്പെട്ടമേൽനോട്ടക്കാരനായിരിക്കും. ഈ പാത്രം ഇവിടെനിന്ന് എടുത്തു മാറ്റുക. നമുക്ക് മറ്റെന്തെങ്കിലും ഭക്ഷണം കൊണ്ടു

വരിക.' അങ്ങനെ റൊട്ടിയും ഒലിവെണ്ണയും കൊണ്ടുവരപ്പെട്ടു. അദ്ദേഹം റൊട്ടി കഷണമാക്കി അതുകൊണ്ട് ഥരീദ് തയ്യാറാക്കി. എന്നിട്ട് അദ്ദേഹം തന്റെ ഭൃത്യനോടു പറഞ്ഞു: 'യർഫാ! നിനക്കു നന്മ വരട്ടെ. ഈ പാത്രമെടുത്ത് ഥംഗിലെ ഒരു വീട്ടുകാരുടെ അടുക്കൽ കൊണ്ടുപോകുക.' 'ഥംഗും' മദീനയുടെ അടുത്തുള്ള ഈത്തപ്പനത്തോട്ടമായിരുന്നു. അതിന്റെ ഉടമ ഹദ്റത്ത് ഉമറായിരുന്നു. അദ്ദേഹം ആ തോട്ടം വഖ്ഫ് ചെയ്തതായിരുന്നു. എന്നിട്ട് പറഞ്ഞു: 'മൂന്നു ദിവസമായി ഞാനവർക്ക് ഒന്നും കൊടുത്തിട്ടില്ല. അവർ വിശന്നിരിക്കുകയായിരിക്കും. ഇത് അവർക്കു കൊണ്ടുപോയി കൊടുക്കുക.'

ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ക്ഷാമകാലത്ത് ഹദ്റത്ത് ഉമർ(റ) പതിവില്ലാത്ത ഒരു പുതിയ പ്രവൃത്തി ചെയ്തിരുന്നു. അദ്ദേഹം ജനങ്ങൾക്ക് ഇശാ നമസ്കരിച്ച ശേഷം വീട്ടിൽവരും. എന്നിട്ട് രാത്രിയുടെ അന്ത്യയാമംവരെ തുടർച്ചയായി നമസ്കരിച്ചുകൊണ്ടിരിക്കും. അതുകഴിഞ്ഞ് അദ്ദേഹം പുത്തിറങ്ങും. എന്നിട്ട് മദീനയുടെ നാലു ഭാഗത്തും ചുറ്റിക്കറങ്ങും. ഒരു രാത്രി അത്താഴം കഴിക്കുന്ന നേരത്ത് അദ്ദേഹം ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. അല്ലാഹുമ്മ ലാ തജ്അൽ ഹലാക്ക ഉമ്മത്തി മുഹമ്മദിൻ അലാ യദയ്യ അല്ലാഹുവേ! എന്റെ കരങ്ങളാൽ മുഹമ്മദിന്റെ സമുദായത്തെ നശിപ്പിക്കരുതേ!'

മുഹമ്മദ് ബിൻ യഹ്യാ ബിൻ ഹബ്ബാൻ വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: 'ക്ഷാമകാലത്ത് ഹദ്റത്ത് ഉമറിന്റെ അടുത്ത് ഇറച്ചിക്കൊഴുപ്പിൽമുങ്ങിയ നിലയിൽ റൊട്ടി കൊണ്ടുവരപ്പെട്ടു. അദ്ദേഹം ഒരു ഗ്രാമീണ അറബിയെ അടുത്തു വിളിച്ചു. അയാളും ഒപ്പമിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. അയാൾ വേഗം വേഗം പാത്രത്തിന്റെ അരികിൽനിന്ന് നെയ്യെടുത്ത് കഴിക്കാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: നീയെന്താ ഇതുവരെ നെയ്യ് കാണാത്തതുപോലെ കഴിക്കുന്നത്? അപ്പോൾ അയാൾ പറഞ്ഞു: 'തീർച്ചയായും ഞാൻ കുറെ നാളായി നെയ്യ് കഴിച്ചിട്ടില്ല. ഒലിവെണ്ണയും കഴിച്ചിട്ടില്ല. അതൊക്കെ ആരെങ്കിലും കഴിക്കുന്നതു കണ്ടിട്ടുമില്ല. അതുകേട്ടപ്പോൾ ജനങ്ങൾ വീണ്ടും ക്ഷേമകാലത്തിലാകുന്നതുവരെ താൻ മാംസം കഴിക്കുകയോ എണ്ണ കഴിക്കുകയോ ചെയ്യുന്നതല്ലെന്ന് ഉമർ പ്രതിജ്ഞ ചെയ്തു.'

ഇബ്നു ത്വാഉസ് തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് ഉമർ (റ) ക്ഷേമകാലം തിരിച്ചുവരുന്നതുവരെ ഇറച്ചി കഴിച്ചില്ല; നെയ്യും കഴിച്ചില്ല. നെയ്യൊന്നും കഴിക്കാതെ വെറും എണ്ണമാത്രം കഴിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റ വയർ കാളുമായിരുന്നു. അദ്ദേഹം തന്റെ വയറിനോടു പറയുമായിരുന്നു. എന്റെ വയറേ! നീ കിടന്നു കരഞ്ഞുകൊള്ളുക. അല്ലാഹുവാണ! ജനങ്ങൾ മുമ്പേപോലെ സുഭിക്ഷമായി കഴിയുകയും സമ്പത്സമൃദ്ധി നേടുകയും ചെയ്യുന്നതുവരെ നിനക്കൊന്നും തരികയില്ല.'

യിയാള് ബിൻ ഖലീഫ പറയുന്നു: 'ഞാൻ ക്ഷാമകാലത്ത് ഉമറിനെ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ നിറം കറുത്തതായി മാറിയിരുന്നു. മുമ്പേ നല്ല വെളുത്ത നിറമായിരുന്നു. ഇതെങ്ങനെ സംഭവിച്ചുവെന്ന് ഞങ്ങൾ ചോദിക്കുമായിരുന്നു.' നിവേദകൻ പറഞ്ഞു: 'ഹ്ദറത്ത് ഉമർ ഒരു അറബിയാണ്. പാലും നെയ്യും നല്ലവണ്ണം കഴിക്കാറുണ്ടായിരുന്നു. ജനങ്ങൾക്ക് ക്ഷാമകാലം വന്നപ്പോൾ അതൊക്കെ സ്വയം ഉപേക്ഷിച്ചു. ഹദ്റത്ത് ഉമർ എണ്ണയും കൂട്ടി ആഹാരം കഴിച്ചു. അതുമുഖേന അദ്ദഹത്തിന്റെ നിറം മാറിപ്പോയി. പട്ടിണിയുംകൂടി ആയപ്പോൾ അതു പറയുകയും വേണ്ട.'

ഉസാമ ബിൻ സയ്ദ് ബിൻ അസ്ലം തന്റെ പിതാമഹനിൽനിന്ന് നിവേദനം.അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ! ഈ ക്ഷാമകാലം അകറ്റിയില്ലെങ്കിൽ ജനങ്ങളെ കുറിച്ചുള്ള ആധിയിൽ ഉമർ മരിച്ചുപോകുന്നതാണെന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നു.'

സയ്ദ് ബിൻ അസ്ലം നിവേദനം. അദ്ദേഹം പറഞ്ഞു: ക്ഷാമകാലം രൂക്ഷമായപ്പോൾ അറേബ്യയിലുള്ള എല്ലാവരും മദീനയിൽ വന്നു. അവർക്കുവേണ്ടുന്ന താമസസൗകര്യവും ഭക്ഷണത്തിനുള്ള സംവിധാനങ്ങളും ഒരുക്കാൻ ഹദ്റത്ത് ഉമർ ആളുകളോടു കല്പിച്ചു. മദീനയുടെ നാലു ഭാഗത്തും ഹദ്റത്ത് ഉമർ സ്വഹാബത്തിന് ഡ്യൂട്ടി ഏല്പിക്കുകയും സന്ധ്യക്ക് അവർ ഒത്തുകൂടി ഓരോരോ നിമിഷത്തേയും കാര്യങ്ങൾ പരസ്പരം അറിയിക്കുകയും ചെയ്തിരുന്നു. രാവിലെ മുതൽ വൈകുന്നേരംവരെയുള്ള ചെറുതും വലുതുമായ ഓരോ വാർത്തകളും അവർ സന്ധ്യക്ക് അദ്ദേഹത്തിന് കേൾപിച്ചുകൊടുത്തിരുന്നു. മദീനയിലെ പല സ്ഥലങ്ങളിലും കാട്ടറബികൾവന്ന് താമസം ഉറപ്പിച്ചിരുന്നു. ഒരു രാത്രി എല്ലാവരും ഭക്ഷണം കഴിച്ചതിനുശേഷം ഹദ്റത്ത് ഉമർ തന്നോടൊപ്പം രാത്രി ഭക്ഷണം കഴിച്ചവരുടെ എണ്ണമെടുക്കാൻ കല്പിച്ചു. അപ്പൾ അവർ ഏതാണ്ട് 7000 പേരുണ്ട്.' അദ്ദേഹം തുടർന്നു പറഞ്ഞു: 'ഇവിടെ എത്തിച്ചേർന്ന രോഗികളും കുട്ടികളുമടക്കം എല്ലാവരേയും എണ്ണിത്തിട്ടപ്പെടുത്തുക. നോക്കുമ്പോൾ അവർ 40000 പേരുണ്ടായിരുന്നു. കുറച്ചു നാളുകൾക്കുശേഷം ഈ എണ്ണത്തിൽ വർധനയുണ്ടായി. ഹദ്റത്ത് ഉമറിനോടൊപ്പം ഭക്ഷണം കഴിച്ചവരുടെ എണ്ണം പത്തായിരവും മറ്റുള്ളവരുടെ എണ്ണം 50000 വുമായി. അത് അങ്ങനെ തുടർന്നു പോയി. അവസാനം അല്ലാഹു മഴ പെയ്യിച്ചു. മഴയുണ്ടായപ്പോൾ ഞാൻ ഹദ്റത്ത് ഉമർ(റ) ഇപ്രകാരം തന്റെ ഗവർണർമാരോടു കല്പിക്കുന്നത് കണ്ടു. അതായത് എല്ലാവരും സ്വദേശത്തു മടങ്ങിപ്പോകാനുള്ള സംവിധാനം ചെയ്യുകയും അവർക്ക് ധാന്യങ്ങളും സവാരി മൃഗങ്ങളും നല്കുകയും ചെയ്യുക.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് ഉമർ(റ) ഓരോ സംഘത്തേയും യാത്ര അയക്കാനായി സ്വയം പോകുമായിരുന്നു. നാലുഭാഗവമുള്ള ആളുകൾ പട്ടിണിയും പരിവട്ടവുമായി മദീനയിൽ കുടിയേറിയതായിരുന്നു. അവിടെ അവർക്ക് ഭക്ഷണം ലഭിക്കുമായിരുന്നു. അവസ്ഥ ശരിയായപ്പോൾ, മഴയൊക്കെ കിട്ടിയപ്പോൾ കൃഷിയും മറ്റും ചെയ്യാൻ പറ്റുമായിരുന്നു. അതിനാൽ അദ്ദേഹം അവരോടു മടങ്ങിപ്പോകാനും വയലുകളിൽ കൃഷിചെയ്ത് വിളവുണ്ടാക്കാനും പറഞ്ഞു.'

ത്വബ്രിയുടെ ചരിത്ര ഗ്രന്ഥത്തിൽ ഈ വരൾച്ച അവസാനിച്ചതു സംബന്ധിച്ച് ഇപ്രകാരം വന്നിട്ടുണ്ട്: 'നബി(സ) തിരുമേനി ദുആ ചെയ്യാൻ ഉണർത്തിയതായി ഒരാൾ സ്വപ്നത്തിൽ കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമർ(റ)എല്ലാവരോടും ഇസ്തിഗാറ നമസ്കാരത്തിന് ആഹ്വാനം ചെയ്തു.' ഹദ്റത്ത് ഉമർ പറഞ്ഞു: 'ദുരിതങ്ങൾ അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. ഇൻശാഅല്ലാഹ് ഇനി അതിന് അറുതി വരുന്നതായിരിക്കും. ഏതൊരു ജനതയ്ക്കാണോ ദുആ ചെയ്യാനുള്ള തൗഫീഖ് ലഭിക്കുന്നത് അവരുടെ പ്രയാസങ്ങൾ അകന്നുവെന്നു വേണം മനസ്സിലക്കാൻ. അദ്ദേഹം ഇതര നഗരങ്ങളിലെ ഗവർണർമാർക്കും ഇപ്രകാരം കത്തയച്ചു. നിങ്ങൾ മദീനയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള ദൈവദാസർക്കായി ഇസ്തിഗാറ നമസ്കരിക്കുക. എന്തെന്നാൽ, ദുരിതങ്ങൾ പാരമ്യതയിലെത്തിയിരിക്കുന്നു. ഹദ്റത്ത് ഉമർ മുസ്ലിമീങ്ങളെ ഇസ്തിഗാറ നമസ്കാരത്തിന് മൈതാനത്ത് ഒരുമിച്ചുകൂട്ടി. എന്നിട്ട് അബ്ബാസിനേയും കൂട്ടി അവിടെ ഹജരായി. ചുരുങ്ങിയ നിലയിൽ ഒരു ഖുത്ബ നിർവഹിച്ച ശേഷം നമസ്രിപ്പിച്ചു. അതുകഴിഞ്ഞ് ഇരുകാലും മടക്കി ഇരുന്നുകൊണ്ട് ദുആ ചെയ്യാൻ തുടങ്ങി. **അല്ലാഹുമ്മ ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ അല്ലാഹുമ്മഗ്ഫിർലനാ വർഹംനാ വർള അന്നാ** അല്ലാഹുവേ!ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു. നിന്നോടു മാത്രം സഹായവും തേടുന്നു. അല്ലാഹുവേ! ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളിൽ കരുണ ചൊരിയേണമേ. ഞങ്ങളിൽ തൃപ്തിപ്പെടേണമേ!' അതിനുശേഷം ഞങ്ങൾ അവിടെനിന്ന് മടങ്ങി. വീട്ടിലെത്തും മുമ്പേതന്നെ മൈതാനത്ത് മഴകാരണം കുളംപോലെ വെള്ളക്കെട്ടുണ്ടായി. (താരീഖു ത്വബ്രി വാള്യം 2, പേജ് 508-509, ഹിജ്റ 18, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ(റ) ഇപ്രകാരം ദുആ ചെയ്തു, 'അല്ലാഹുവേ! നിന്റെ പ്രവാചകൻ(സ)യുടെ കാലത്ത് വരൾച്ച ഉണ്ടാകുമ്പോൾ ഞങ്ങൾ നിന്റെ പ്രവാചകനുവേണ്ടി മഴപെയ്യിക്കാൻ ദുആ ചെയ്യുമായിരുന്നു. അപ്പോൾ നീ മഴ പെയ്യിക്കുമായിരുന്നു. ഇന്ന് ഞങ്ങൾ നിന്റെ നബിയുടെ പിതൃവ്യനുവേണ്ടി ദുആ ചെയ്യുകയാണ്. ഈ വരൾച്ചയ്ക്കു അറുതി വരുത്തേണമേ. ഞങ്ങൾക്കുമേൽ മഴ പെയ്യിക്കേണമേ. അങ്ങനെ ഞങ്ങൾ ഇരുന്നിടത്തുനിന്ന് മാറുന്നതിനുമുമ്പേ മഴ പെയ്യാൻ തുടങ്ങി.'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 4, പേജ് 21, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

മസ്ജിദ് നബവിയിൽ പായകൾ വിരിക്കുന്ന സമ്പ്രദായം എപ്പോഴാണ് ആരംഭിച്ചത്? ആദ്യമൊക്കെ ആളുകൾ തറയിലായിരുന്നു നമസ്കരിച്ചിരുന്നത്. നെറ്റിയിൽ മണ്ണു പുരളുമായിരുന്നു. അതിനുശേഷം പായയുടെ സമ്പ്രദായം തുടങ്ങി. ഇതു സംബന്ധമായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഇബ്റാഹീമിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഏറ്റവുമാദ്യം മസ്ജിദ് നബവിയിൽ പായ വിരിച്ചത് ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബായിരുന്നു. ആദ്യമൊക്കെയാളുകൾ സുജൂദ് ചെയ്ത് എഴുന്നേല്ക്കുമ്പോൾ തങ്ങളുടെ കൈകൊണ്ട് പൊടിതട്ടികളയുമായിരുന്നു. അപ്പോൾ അദ്ദേഹം പായവിരിക്കാൻ കല്പിച്ചു. അത് അഖീഖിൽനിന്ന് കൊണ്ടുവന്ന് മസ്ജിദ് നബവിയിൽ വിരിച്ചു. അഖീഖ് എന്നതും ഒരു താഴ്വരയുടെ പേരാണ്. അത് മദീനയുടെ തെക്കുനിന്നു തുടങ്ങി വടക്കുപടിഞ്ഞാറുവരെ ഏകദേശം 150 കിലോമീറ്റർ നീണ്ടു കിടക്കുന്ന താഴ്വരയാണ്. പറയുന്നു, വളരെ വലിയ താഴ്വരയാണത്.' (ഇസാലത്തുൽ ഖഫാഇ അൻ ഖിലാഫത്തുൽ ഖുലഫാഇ, മുതർജിം ശാഹ് വലിയുല്ലാഹ് വാള്യം 3, പേജ് 236, മനാഖിബ് ഫാറൂഖ് അഅ്ളം, പ്രസാധകർ ഖദീമീ കുതുബ് ഖാന കറാച്ചി)(അസ്സീറത്തുന്നബവി, പേജ് 168, ദാറുസ്സലാം അർരിയാള് 1424)

ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഹിജ്റ 70-ൽ മസ്ജിദ് നബവിയുടെ വിപുലീകരണം നടന്നു. ഹദറത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു:

'നബി(സ)തിരുമേനിയുടെ കാലത്ത് ആ മസ്ജിദ് ചൂളയ്ക്കുവെക്കാത്ത ഇഷ്ടികകൊണ്ട് നിർമിച്ചതായിരുന്നു. അതിന്റെ മേൽക്കൂര ഈത്തപ്പന ഓലകളാലും കൊമ്പുകളാലും തയ്യാറാക്കിയതായിരുന്നു. അതിന്റെ തൂണുകൾ ഈത്തപ്പനത്തടിയുടേതായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അത് അതേ നിലയിൽത്തന്നെ നിലനിറുത്തി. അതിൽ ഒരു മാറ്റമോ വിപുലീകരണമോ നടത്തിയില്ല. ഹദ്റത്ത് ഉമർ(റ) അതിനെ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തു. എന്നാൽ, അതിന്റെ രൂപത്തിനും നിർമാണ ശൈലിക്കും ഒരുമാറ്റവും വരുത്തിയില്ല. അദ്ദേഹം അതേ നിർമാണരീതി നിലനിറുത്തിയാണ് പണികഴിപ്പിച്ചത്. അതിന്റെ മേൽക്കൂരയുടെ ഈത്തപ്പനയോല മാറ്റിമേഞ്ഞു. അദ്ദേഹം മരത്തടികൊണ്ടുള്ള തൂണുകളാക്കി എന്നു മാത്രം. ഹദ്റത്ത് ഉമർ(റ) ഹിജ്റ 7ന് തന്റെ മേൽനോട്ടത്തിൽ മസ്ജിദ് പുനർനിർമാണം പൂർത്തിയാക്കി. ആ വിപുലീകരണത്തിനുശേഷം മസ്ജിദിന്റെ വിസ്തൃതി 100x100 മുഴത്തിൽനിന്ന് കൂട്ടി 140x120 ആക്കി. അതായത് 50x50 മീറ്ററിൽനിന്ന് 70x60 മീറ്ററായി വർധിച്ചു. ഈ നിവേദനത്തിൽനിന്ന് വ്യക്തമാകുന്നത് ഹദ്റത്ത് അബൂബക്റിന്റെ കാലത്തും മസ്ജിദ് നബ്‌വി നബി(സ) തിരുമേനിയുടെ ജീവിതകാലത്തുണ്ടായിരുന്ന അതേ സ്ഥലത്തുതന്നെ നിലകൊണ്ടുവെന്നും എന്നാൽ, ഹദ്റത്ത് ഉമറിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ അതിന് വലിയ വൈപുല്യം കൈവന്നുവെന്നുമാണ്.

അബൂസയീദ് ഖുദ്‌രീ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദറത്ത് ഉമർ(റ) ഇപ്രകാരം കല്പിച്ചു. മസ്ജിദ് നബ്‌വിയുടെ നവീകരണ പ്രവർത്തനം നടത്തുക. വരുന്നവർക്ക് ചോർച്ച കാരണമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കുക. എന്നാൽ, ചെമപ്പുനിറം കൊണ്ടുള്ള മോടി കൂട്ടൽ ഒഴിവാക്കുക. എന്തെന്നാൽ ഇത്തരം അലങ്കാരത്തുണികൾ കൊണ്ട് മനുഷ്യന് ബുദ്ധിമുട്ടുണ്ടാകും. ഹദ്റത്ത് ഉമർ വളരെ മിതവ്യയത്തോടെ കാര്യങ്ങൾ നടത്തി. നബി(സ)തിരുമേനിയുടെ മഹനീയ കാലഘട്ടത്തിലുണ്ടായ അതേ സ്റ്റെക്ച്ചറിൽ അദ്ദേഹം അത് നിർമിച്ചു. മസ്ജിദ് വിപുലീകരണ സമയത്ത് അദ്ദേഹത്തിന് അതിനോടു ചേർന്നുള്ള വീടുകൾ എടുക്കേണ്ടതായിവന്നു. അത് വടക്കുതെക്കും പടിഞ്ഞാറുമുള്ളതായിരുന്നു. ചിലർ സസന്തോഷം മസ്ജിദിന് തങ്ങളുടെ സ്ഥലം ഇഷ്ടദാനം ചെയ്തു. ചിലരോടു ഹദ്റത്ത് ഉമറിന് ചർച്ച ചെയ്യേണ്ടതായും വിലക്കെടുക്കേണ്ടതായും വന്നു. അങ്ങനെ കുറച്ചു സ്ഥലം അദ്ദേഹം വില കൊടുത്തുവാങ്ങി അതിനോടു ചേർത്തു. ഹദ്റത്ത് ഉമറിന്റെ കാലത്ത് കാനേഷുമാരിയും പ്രാബല്യത്തിൽവന്നു. അല്ലെങ്കിൽ അദ്ദേഹം അത് നടത്തിച്ചു. ഭക്ഷ്യ വസ്തുക്കൾക്കായി റേഷനിംഗം സംവിധാനവും അദ്ദേഹം നിലവിൽകൊണ്ടു വന്നു. ഇതു സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയിട്ടുണ്ട്. ഇസ്‌ലാമിക ഭരണകൂടത്തിന്റെ സംവിധാനവും വ്യവസ്ഥിതിയും എങ്ങനെയായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും അതിനെന്തെല്ലാം പരിപവർത്തനങ്ങൾ വന്നുവെന്നും എന്തെല്ലാം പുതിയകാര്യങ്ങൾ ഉൾപ്പെടുത്തിയെന്നുമുള്ള കാര്യങ്ങളെ കുറിച്ചെല്ലാം അദ്ദേഹം എഴുതുന്നു:

'നബി(സ) തിരുമേനി മദീനയിൽ വന്നശേഷം ആദ്യം ചെയ്തത് സ്വത്തുള്ളവരുമായി സ്വത്തില്ലാത്തവരെ സാഹോദര്യബന്ധത്തിൽ ഉൾപ്പെടുത്തി എന്നതാണ്. അവിടെ അൻസ്വാറിന് സ്വത്തുക്കളുണ്ടായിരുന്നു. മുഹാജിരീങ്ങൾ നിർധനരായിരുന്നു. നബി(സ)തിരുമേനി മുഹാജിരീങ്ങളേയും അൻസ്വാറിനേയും പരസ്പരം സഹോദരങ്ങളാക്കി. സ്വത്തുള്ള ഒരാളെ സ്വത്തില്ലാത്ത ഒരാളുമായി ബന്ധപ്പെടുത്തി. ചിലർ അതിൽ എത്രമാത്രം ആവേശം കാണിച്ചുവെന്നാൽ രണ്ടുഭാര്യമാരുള്ളവർ ഒരു ഭാര്യയെ സഹോദരബന്ധത്തിൽ വന്ന ആൾക്കായി ഉപേക്ഷിക്കാൻ പോലും തയ്യാറായി. അവരെ നിങ്ങൾക്ക് വിവാഹം കഴിക്കാമെന്നും പറഞ്ഞു. നബി(സ) തിരുമേനി മദീനയിലെത്തിയ ഉടൻ ആദ്യം ചെയ്ത സമത്വത്തിന്റെ ഒരു ഉദാഹരണമായിരുന്നു അത്. മദീനയിൽവച്ചായിരുന്നു യഥാർഥത്തിൽ ഈ പ്രവാചകഭരണകൂടം സ്ഥാപിതമായതുതന്നെ. ആ സമയത്ത് ഒരുപാട് സമ്പത്തൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് ധനികരേയും ദരിദ്രരേയും ഇങ്ങനെ ഒരുമിപ്പിക്കുകയും എല്ലാവർക്കും ഭക്ഷണത്തിനുള്ള വക കണ്ടെത്തുകയും ചെയ്യണമായിരുന്നു. അതുപോലെ ഒരു യുദ്ധാവസരത്തിലും നബി(സ) തിരുമേനി ഈ രീതി ഉപയോഗിച്ചു; അതിന്റെ രീതി മാറ്റിയിരുന്നെങ്കിലും. ഒരു യുദ്ധാവസരത്തിൽ നബി(സ) തിരുമേനിക്ക് അറിയാൻ കഴിഞ്ഞു ചിലരുടെ പക്കൽ ആഹാരത്തിനൊന്നുമില്ലെന്ന്. ഉണ്ടെങ്കിൽത്തന്നെ വളരെ കുറവായിരുന്നു. അതേ സമയം ചിലരുടെ പക്കൽ ധാരാളം ആഹാരസാധനങ്ങളുണ്ടുതാനും. ആ സ്ഥിതി കണ്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ആരുടെയൊക്കെ കൈവശം എന്തൊക്കെ ഭക്ഷ്യവസ്തുക്കളുണ്ടോ അതെല്ലാം ഒരിടത്ത് കൂട്ടുക. അങ്ങനെ എല്ലാ സാധനങ്ങളും കൊണ്ടുവരപ്പെട്ടു. ശേഷം നബി(സ)തിരുമേനി റേഷൻ നിശ്ചയിച്ചു. അങ്ങനെ എല്ലാവർക്കും ഭക്ഷണം ലഭിക്കുക എന്ന ഒരു നിലപാടാണ് ഇവിടേയും കൈക്കൊണ്ടത്. പറ്റുന്നിടത്തോളം ആളുകൾ വെവ്വേറെത്തന്നെ സ്വന്തം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. എന്നാൽ, അത് സാധ്യമല്ലാത്ത അവസ്ഥ വരികയും ചിലർ മരിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാകുകയും ചെയ്തപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, 'ഇനി നിങ്ങൾക്ക് സ്വന്തം സ്വന്തം ഭക്ഷണം കഴിക്കാൻ അനുവാദമില്ല. ഇനി എല്ലാവർക്കും ഒരിടത്തുനിന്നായിരിക്കും ഭക്ഷണം ലഭിക്കുക.' അവസരോചിതമായി കൈക്കൊണ്ട തീരുമാനമായിരിന്നു ഇത്. സോഷ്യലിസം കമ്മ്യൂണിസം പോലുള്ള വീക്ഷണം നടപ്പിൽ വരുത്തിയതായിരുന്നില്ല. എന്തായാലും സ്വഹാബത്ത് പറയുന്നു: നബി(സ)തിരുമേനിയുടെ കല്പന ഞങ്ങൾ വളരെ കർശനമായി പാലിച്ചിരുന്നു. ഏതുവരെയെന്നാൽ ഞങ്ങളുടെ കൈയിലുണ്ടായിരുന്ന ഒരു ഈത്തപ്പഴംപോലും സ്വയം തിന്നുന്നത് വിശ്വാസ വഞ്ചനയായി ഞങ്ങൾ കണക്കാക്കിയിരുന്നു. അത് സ്റ്റോറിൽ കൊണ്ടുകൊടുക്കുന്നതുവരെ ഞങ്ങൾക്ക് സമാധാനമുണ്ടാകുമായിരുന്നില്ല.' നബി(സ)തിരുമേനി കാണിച്ച രണ്ടാമത്തെ മാതൃകയായിരുന്നു ഇത്. അവസ്ഥകൾ മോശമായി തുടരുന്നതുവരേക്കും അതുതുടർന്നുപോയി. ഈയൊരു മാതൃകയാണ് അവിടന്ന് സ്ഥാപിച്ചത്.

പിന്നീട് നബി(സ) തിരുമേനിയുടെ കാലത്ത് ധനവും വന്നു. ഖജനാവുകളുടെ വാതിലും അല്ലാഹു ഇസ്‌ലാമിനുവേണ്ടി തുറന്നുകൊടുത്തു. എന്നാൽ, നബി(സ) തിരുമേനിക്കുശേഷവും ഇതു സംബന്ധിച്ച് വിശദമായ വ്യവസ്ഥിതി തുടർന്നുകൊണ്ടുപോകാൻ അല്ലാഹു ഇച്ഛിച്ചു. അങ്ങനെ ആ സവിശേഷത നബി(സ) തിരുമേനിയിൽ മാത്രം പരിമിതപ്പെട്ടതല്ലെന്ന് തെളിയിക്കാനായിരുന്നു അത്. അങ്ങനെ ചെയ്തത് മറ്റാർക്കും അത് തുടർന്ന് കൊണ്ടുപോകാൻ കഴിയില്ലെന്ന ധാരണ ഇല്ലാതാക്കാനായിരുന്നു. സമ്പത്തു വന്നപ്പോൾ മുൻ സമ്പ്രദായം പുനരാരംഭിച്ചു. എന്നാൽ, പിൽക്കാലത്ത് ആ വ്യവസ്ഥിതി തുടരാൻ അല്ലാഹു ആഗ്രഹിച്ചില്ല. അതെങ്ങനെയെന്ന് അദ്ദേഹം എഴുതുന്നു:

'ഒരു വശത്ത് അല്ലാഹു നബി(സ) തിരുമേനിയുടെ കരങ്ങളാൽ ഒരു മാതൃക കാണിച്ചു. തൽഫലമായി മദീനയിലെത്തിയതും മുഹാജിരീങ്ങൾക്കുവേണ്ടി അൻസ്വാർ തങ്ങളുടെ സ്വത്തുവകകൾ സമർപിച്ചു. മുഹാജിരീങ്ങൾ പറഞ്ഞു: 'ഈ സ്ഥലങ്ങൾ സൗജന്യമായി വാങ്ങാൻ ഞങ്ങൾ തയ്യാറല്ല. ഇതു ഞങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യാം. എന്നിട്ട് നിങ്ങളുടെ ഓഹരി നിങ്ങൾക്കു തരുന്നതാണ്.' അത് മുഹാജിരീങ്ങൾ തങ്ങളുടെ ആഗ്രഹം പ്രകടിപ്പിച്ചതായിരുന്നു. അല്ലാതെ അൻസ്വാർ തങ്ങളുടെ സ്വത്തു വകകൾ അവരുമായി പങ്കിടുന്നതിൽ ഒരു സങ്കോചവും അവർ കാണിച്ചിരുന്നില്ല. സർക്കാർ റേഷൻ കൊടുത്താൽ വാങ്ങാത്തതുപോലെയാണത്. അതുകൊണ്ട് സർക്കാറിനുമേൽ ആക്ഷേപം ഉണ്ടാകുകയില്ല. സർക്കാർ റേഷൻ നിശ്ചയിച്ചുവെങ്കിലും ഒരാൾ സ്വയേഷ്ടപ്രകാരം വാങ്ങുകയോ വാങ്ങാതിരിക്കുകയോ ചെയ്തെന്നെ പറയാൻ സാധിക്കുകയുള്ളു. അതുപോലെ അൻസ്വാർ എല്ലാമെല്ലാം നല്കി. പക്ഷേ,മുഹാജിരീങ്ങൾ അതൊന്നും സ്വീകരിച്ചില്ലെന്നത് വേറെ കാര്യം. ചുരുക്കത്തിൽ നബി(സ)തിരുമേനി തന്റെ ജീവിത കാലയളവിൽത്തന്നെ ഇതിന്റെ പ്രാവർത്തിക രൂപത്തിന് തുടക്കം കുറിക്കുകയുണ്ടായി. ഏതുവരെയെന്നാൽ ബഹറയ്നിലെ രാജാവ് മുസ്‌ലിമായപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'നിങ്ങളുടെ രാജ്യത്ത് സ്വന്തമായി കൃഷിസ്ഥലം ഇല്ലാത്തവർക്ക് നാലു ദിർഹമും വസ്ത്രവും സ്റ്റൈഫന്റ്നിശ്ചയിക്കുക; അവർ പട്ടിണി കിടക്കുകയോ ദീനരായി നടക്കുകയോ ചെയ്യാതിരിക്കുവാൻ.' അതിനുശേഷം മുസ്‌ലിമീങ്ങൾക്ക് സമ്പത്തുകൾ കിട്ടാൻ തുടങ്ങി. കാരണം മുസലിമീങ്ങൾ കുറവും ധനം കൂടുതലുമായിരുന്നു. അതുകൊണ്ട് എന്തെങ്കിലും പുതിയ നിയമം ഉപയോഗിക്കേണ്ട ആവശ്യം അപ്പോൾ അനുഭവപ്പെട്ടിരുന്നില്ല. കാരണം ആവശ്യങ്ങളെല്ലാം അപ്പോൾ പൂർത്തിയാകുന്നുണ്ടായിരുന്നു. ഭീഷണിയുണ്ടാകുമ്പോൾ നിയമം നടപ്പിൽവരുത്തുകഎന്നതാണ് അടിസ്ഥാനതത്ത്വം. ഭീഷണിയില്ലാത്തപ്പോൾ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുകയോ വരാതിരിക്കുകയോ ചെയ്യുക എന്നത് സർക്കാറിന്റെ ഇഷ്ടമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇനി ഏതൊരു കാര്യമാണോ ഞാൻ തുടങ്ങിവച്ചത്, അതു വിവരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇടയ്ക്കു മറ്റൊരു വിശദീകരണം വന്നു പോയി. നബി(സ) തിരുമേനിക്കുശേഷം ഈ വ്യവസ്ഥിതി എങ്ങനെയാണ് തുടങ്ങിയത്? അക്കാര്യമാണ് എനിക്കു പറയേണ്ടത്.

'നബി(സ) തിരുമേനി വഫാത്തായപ്പോൾ മുസ്‌ലിമീങ്ങൾ ലോകത്തിന്റെ പല കോണുകളിലും പടർന്നു. മറ്റു ജനതകളും അപ്പോൾ ഇസ്‌ലാമിലേക്ക് കടന്നുവന്നു. അറബികൾ ഒരുസംഘവും സമുദായവുമെന്ന നിലയിൽ ഒറ്റക്കെട്ടായിരുന്നു. പരസ്പര സമത്വവും പാലിച്ചിരുന്നു. എന്നാൽ, ഇസ്‌ലാം നാനാ കോണുകളിലേക്കും വ്യാപിക്കുകയും വിവിധ ജനതകൾ ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്യാൻ തുടങ്ങിയപ്പോൾ അവർക്ക്

ഭക്ഷണത്തിനുള്ള സംവിധാനം ഒരുക്കുന്നത് ഏറെ ദുഷ്കരമായി. അവസാനം ഉമർ(റ)എല്ലാവരുടേയും കാനേഷുമാരി നടത്തി. റേഷൻ വ്യവസ്ഥിതിയും സ്ഥാപിച്ചു. അതു ബനൂ ഉമയ്യായുടെ കാലംവരെ നിലനിന്നു. ഏറ്റവുമാദ്യം ഹദ്റത്ത് ഉമറാണ് കാനേഷുമാരി നടത്തിയതെന്ന് യൂറോപ്യൻ ചരിത്രകാരന്മാരും അംഗീകരിക്കുന്ന കാര്യമാണ്. അതുപോലെ അവർ സമ്മതിക്കുന്ന മറ്റൊരു കാര്യം ആദ്യമായി നടത്തിയ ആ കാനേഷുമാരി പ്രജകളിൽനിന്ന് സ്വത്ത് തട്ടിയെടുക്കുന്നതിനായിരുന്നില്ല, പ്രത്യുത അവരുടെ ഭക്ഷണകാര്യത്തിനുള്ള ഏർപാടു ചെയ്യാനായിരുന്നു എന്നതാണ്. ഭരണകൂടങ്ങൾ സെൻസസ് നടത്തുന്നത് ജനങ്ങളെ ബലിയാടാക്കാനാണ്. അവരെക്കൊണ്ട് പട്ടാള സേവനം നടത്തിക്കാനാണ്. എന്നാൽ, ഉമർ അതിനായിട്ടല്ലായിരുന്നു സെൻസസ് നടത്തിയിരുന്നത്. അത് ജനങ്ങളെ ബലിയാടാക്കാനായിരുന്നില്ല. മറിച്ച് അവരുടെ വയറ്റിൽ ഭക്ഷണമെത്തിക്കാനായിരുന്നു. എത്രപേരുണ്ട്? എത്രഭക്ഷണസാധനങ്ങൾ ആവശ്യമുണ്ട്? തുടങ്ങിയവ കണക്കാക്കാനായിരുന്നു. അങ്ങനെ സെൻസസിനുശേഷം എല്ലാവർക്കും ഒരേ വ്യവസ്ഥിതിയുടെ കീഴിൽ റേഷൻ ലഭിച്ചുകൊണ്ടിരുന്നു. മറ്റാവശ്യങ്ങൾ നിറവേറ്റാനായി അവർക്ക് മാസാമാസം ഒരു നിശ്ചിത സംഖ്യയും നല്കിപ്പോന്നു. അക്കാര്യത്തിൽ ഹദ്റത്ത് ഉമർ(റ)വളരെ സൂക്ഷ്മതയും പുലർത്തിയിരുന്നു. എത്രത്തോളമെന്നാൽ ഹദ്റത്ത് ഉമറിന്റെ കാലത്ത് സിറിയാവിജയം ലഭിച്ചപ്പോൾ അവിടെനിന്ന് ധാരാളം ഒലിവെണ്ണ വന്നു. എല്ലാവർക്കും അതു ലഭിച്ചു തുടങ്ങി. ഒരിക്കൽ അദ്ദേഹം ജനങ്ങളോടു പറഞ്ഞു: ഒലിവെണ്ണ സ്ഥിരം ഉപയോഗിക്കുമ്പോൾ എന്റെ വയർ വീർക്കുന്നു. നിങ്ങളെനിക്ക് അനുമതി തരികയാണെങ്കിൽ അതേ മൂല്യം വരുന്ന നെയ്യ് ഞാൻ ബയത്തുൽമാലിൽനിന്ന് എടുത്തുകൊള്ളാം. എത്ര വിലയുടെ ഒലിവാണോ ലഭിക്കുന്നത് അത്രതന്നെ വിലയ്ക്കുള്ള നെയ്യ് എടുത്തുകൊള്ളട്ടെ!കാരണം ഒലിവെണ്ണ എന്റെ ആരോഗ്യത്തിന് നല്ലതല്ല.' ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനായി ഇസ്‌ലാമിൽ വ്യാപകമായി നടത്തിയ ആദ്യ സംരംഭമായിരുന്നു അത്. അത്തരമൊരു വ്യവസ്ഥിതി വന്നാൽ അതിനുശേഷം വേറെയൊരു വ്യവസ്ഥിതിയുടെ ഒരാവശ്യവും നേരിടില്ല എന്നത് സുവ്യക്തമാണ്. കാരണം അങ്ങനെ രാജ്യമെമ്പാടുമുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുക എന്നത് സർക്കാറിന്റെ ബാധ്യതയായിത്തീരുന്നു. ജനങ്ങളുടെ അന്നപാനീയങ്ങളും വസ്ത്രങ്ങളും വിദ്യാഭ്യാസവും ചികിത്സയും കിടപ്പാടവുമെല്ലാം ഇസ്‌ലാമിക സർക്കാറിന്റെ ഉത്തരവാദിത്വമായിരിക്കും. ഇങ്ങനെ സകല ആവശ്യങ്ങളും നിറവേറ്റപ്പെട്ടാൽ പിന്നെ ഇൻഷൂറൻസ് തുടങ്ങിയവയുടെ ആവശ്യമുണ്ടാകുകയില്ല. ജനങ്ങൾ ഇൻഷൂറൻസെടുക്കുന്നത് തങ്ങളുടെ കാലശേഷം മക്കൾക്കുവേണ്ടി സമ്പാദ്യം ഉണ്ടാക്കാനും അല്ലെങ്കിൽ വാർധക്യകാലത്ത് ജോലി ചെയ്യാൻ കഴിയാതെ വരുമ്പോൾ ചെലവു നടന്നുപോകാനുമല്ലേ? സർക്കാർതന്നെ ഈ ഉത്തരവാദിത്വം ഏറ്റെടുത്താൽ ഒരു ഇൻഷൂറൻസിന്റേയും ആവശ്യം വരുന്നില്ല.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'പിന്നീട് ഇസ്‌ലാമിൽ വന്നു ചേർന്നവർ പറഞ്ഞു തുടങ്ങിയത് ഈ രാജാവ് സ്വേച്ഛാധിപതിയാണെന്നാണ്. ഇഷ്ടമുണ്ടെങ്കിൽ തരും ഇല്ലെങ്കിൽ ഒന്നും തരില്ല. അവരിൽ ഇസ്‌ലാമികാധ്യാപനങ്ങൾ രൂഢമൂലമാകാതിരുന്നതിനാലും സീസറിന്റേയും ഖുസ്റോവിന്റേയും നയങ്ങളിൽ താൽപര്യമുള്ളവരായതിനാലുമാണ് അങ്ങനെ പറഞ്ഞിരുന്നത്. മറ്റു രാജാക്കന്മാരെപ്പോലുള്ള നയങ്ങൾ പിന്നീട് പ്രാബല്യത്തിൽ വന്നു.' ഇസ്‌ലാമിക ഭരണകൂടം എല്ലാ വ്യക്തികൾക്കും ഭക്ഷണവും വസ്ത്രവും നല്കാനുള്ള സംവിധാനം ചെയ്യുന്നതിനെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇപ്രകാരം വിശദീകരിക്കുന്നു:

'ഇസ്‌ലാമിക ഭരണകൂടത്തിന് സ്വത്തുക്കൾക്കുമേൽ ഉടമസ്ഥാവകാശം ലഭിച്ചപ്പോൾ എല്ലാ ആളുകൾക്കും ഭക്ഷണവും വസ്ത്രവും ലഭിക്കാനുള്ള സംവിധാനമൊരുക്കി. ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് ഭരണ വ്യവസ്ഥിതി പൂർണതകൈവരിച്ചപ്പോൾ ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് എല്ലാ ഓരോ വ്യക്തിക്കും ഭക്ഷണവും വസത്രവും ഉറപ്പുവരുത്തുകയെന്നത് സർക്കാറിന്റെ ചുമതലയായിരുന്നു. അത് ഈ ചുമതല പൂർണ ഉത്തരവാദിത്വത്തോടെ നിറവേറ്റുമായിരുന്നു. ഹദ്റത്ത് ഉമർ(റ) ഈ ഉദ്ദേശ്യത്തിന് കാനേഷുമാരി എടുക്കുന്ന സമ്പ്രദായത്തിന് നാന്ദി കുറിച്ചു. രജിസ്റ്ററുകളുണ്ടാക്കി. അതിൽ എല്ലാവരുടേയും പേരു വിവരങ്ങൾ ചേർത്തു. യൂറോപ്യൻ ചരിത്രകാരന്മാരും ഓറിയന്റലിസ്റ്റുകളും ഞാൻ മുമ്പേ പറഞ്ഞതുപോലെ ആദ്യത്തെ കാനേഷുമാരി നടത്തിയതും രജിസ്റ്റർ പ്രാബല്യത്തിൽ കൊണ്ടുവന്നതും ഹദ്റത്ത് ഉമറാണെന്ന് സമ്മതിക്കുന്നു. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും എത്തിക്കുക എന്നതായിരുന്നു ഈ കാനേഷുമാരിയുടെ ഉദ്ദേശ്യം. അതുപോലെ രാജ്യത്ത് എത്രയാളുകൾ അധിവസിക്കുന്നുണ്ടെന്ന് സർക്കാർ അറിയേണ്ടതും നിർബന്ധമാണ്. സോവ്യറ്റ് റഷ്യയാണ് ദരിദ്രർക്ക് ഭക്ഷണവും വസ്ത്രവും ലഭ്യമാക്കാനുള്ള സംവിധാനം നിലവിൽ കൊണ്ടുവന്നതെന്നാണ് പൊതുവെ പറയപ്പെടുന്നത്. എന്നാൽ, ഏറ്റവുമാദ്യം സമ്പത്ത്വ്യവസ്ഥിതിക്ക് രൂപകല്പന നല്കിയത് ഇസ്‌ലാമാണ്. കർമരൂപത്തിൽ അത് ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് എല്ലാ ഗ്രാമങ്ങളിലും കസബകളിലും പട്ടണത്തിലുമുള്ള ജനങ്ങളുടെ പേരു വിവരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു. എല്ലാ വ്യക്തികളുടേയും ഭാര്യാമക്കളുടേയും പേരും അംഗസഖ്യയും രേഖപ്പെടുത്തപ്പെട്ടു. ഓരോ ആൾക്കും ഭക്ഷണപദാർഥങ്ങളുടെ അളവ് നിശ്ചയിക്കപ്പെട്ടിരുന്നു. അത് അല്പം മാത്രം കഴിക്കുന്നവർക്കും കൂടുതൽ കഴിക്കുന്നവർക്കും മതിയാംവണ്ണമായിരുന്നു. ചരിത്രങ്ങളിൽ വന്നിട്ടുള്ളത് ഹദറത്ത് ഉമർ(റ)പ്രാരംഭത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പാലുകുടി മാറാത്ത കുഞ്ഞുങ്ങൾക്ക് റേഷൻ നല്കിയിരുന്നില്ല. മാതാക്കൾ കുട്ടികളുടെ പാലുകുടി നിറുത്തിയശേഷം മാത്രമേ അവർക്കും ധാന്യങ്ങളും ഇതരസഹായങ്ങളും ലഭച്ചിരുന്നുള്ളു. ഞാൻ കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നതുപോലെ ഒരു രാത്രി ഹദ്റത്ത് ഉമർ(റ) ജനങ്ങളുടെ അവസ്ഥകൾ മനസ്സിലാക്കാനായി റോന്തു ചുറ്റുകയായിരുന്നു. ഒരു കൂടാരത്തിൽനിന്ന് കുഞ്ഞിന്റെ കരച്ചിൽ അദ്ദേഹം കേൾക്കാനിടയായി. ഹദ്റത്ത് ഉമർ അവിടെത്തന്നെ നിന്നു. കുഞ്ഞു നിറുത്താതെ കരയുകയായിരുന്നു. മാതാവ് കുഞ്ഞിനെ തട്ടിത്തട്ടി ഉറക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. സമയം ഒരുപാടായപ്പോൾ ഹദ്റത്ത് ഉമർ കൂടാരത്തിൽ കയറി ആ സ്ത്രീയോടു ചോദിച്ചു, നിങ്ങളെന്താണ് കുഞ്ഞിന് പാലു കൊടുക്കാത്തത്. എത്രസമയമായി ആ കുഞ്ഞ് കരയുന്നു. ആ സ്ത്രീ അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നില്ല. ഏതോ സാധാരക്കാരനാണെന്ന് കരുതി. അതുകൊണ്ടു പറഞ്ഞു: 'നിങ്ങൾക്കറിയില്ല, പാലു കുടിക്കുന്ന കുഞ്ഞുങ്ങൾക്ക് റേഷൻ കിട്ടില്ലെന്നാണ് ഉമറിന്റെ ഉത്തരവ്. ഞങ്ങൾ ദരിദ്രരാണ്. കഷ്ടിച്ചാണ് ഞങ്ങളുടെ കാര്യം നടന്നു പോകുന്നത്. ബയ്ത്തുൽമാലിൽനിന്ന് കുട്ടിക്ക് റേഷൻ ലഭിക്കാൻ ഞാൻ ഇവന്റെ മുലകുടി മാറ്റുകയാണ്. ഇങ്ങനെയൊരു നിയമമുണ്ടാക്കിയ ഉമറിന്റെ പ്രാണനായി ഇവൻ കരഞ്ഞോട്ടെ!' ഹദ്റത്ത് ഉമർ അപ്പോൾ തിരികെ വന്നു. വഴിയിൽ വളരെ ദുഃഖത്തോടെ ഇപ്രകാരം പറയുന്നുണ്ടായിരുന്നു. 'ഉമറേ! നീ ഈ നിയമംകൊണ്ട് അറേബ്യയിലെ എത്ര കുഞ്ഞുങ്ങളുടെ പാലുകുടി നിറുത്തിച്ച് ദുർബലരാക്കിയെന്ന് അറിയില്ല.' ഇതും പറഞ്ഞ് അദ്ദേഹം സ്റ്റോറിലേക്ക് വന്നു. വാതിൽ തുറന്ന് ഒരു ആട്ടയുടെ ചാക്ക് മുതുകത്തേറ്റി. തരൂ! അത് ഞാനെടുക്കാമെന്ന് ആരോ പറഞ്ഞു. ഹദ്റത്ത് ഉമർ പറഞ്ഞു:വേണ്ട, തെറ്റെന്റേതാണ്! അതുകൊണ്ട് അതിന്റെ കർമഫലം അനുഭവിക്കേണ്ടതും ഞാൻ തന്നെയാണ്. അങ്ങനെ അദ്ദേഹം ആ സ്ത്രീക്ക് ആട്ടയുടെ ചാക്കെത്തിച്ചുനല്കി. രണ്ടാമത്തെ ദിവസം ഇങ്ങനെ ഉത്തരവും വിളംബരം ചെയ്തു: 'ഒരു കുഞ്ഞ് ജനിച്ചാൽ ആ ദിവസംമുതൽത്തന്നെ ആ കുഞ്ഞിന് റേഷൻ ലഭിക്കുന്നതായിരിക്കും. കാരണം ആ കുഞ്ഞിന് പാലുകൊടുക്കുന്ന മാതാവിന് ആ റേഷൻ വളരെയധികം ആവശ്യമാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇസ്‌ലാംതന്നെയാണ് പൗരാവകാശം നിലവിൽ കൊണ്ടുവന്നത്. ഇസ്‌ലാമിക ദൃഷ്ട്യാ ഒരു വ്യക്തിയുടെ ഭക്ഷണം പാർപിടം വസ്ത്രം എന്നിവ ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ഇസ്‌ലാംതന്നെയാണ് ഈ അടിസ്ഥാനകാര്യത്തിന് ആദ്യം തുടക്കം കുറിച്ചത്. പിന്നീട് മറ്റു സർക്കാറുകളും അത് അനുകരിച്ചു. എന്നാൽ, അതും പൂർണമായിട്ടല്ല ചെയ്യുന്നത്. ഇൻഷൂറൻസ് ചെയ്യിക്കുന്നു. കുടുംബപെൻഷൻ നല്കുന്നു. യുവത്വത്തിലും വാർധക്യത്തിലും ഒരുപോലെ ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും ഉത്തരവാദിത്വം സർക്കാറിനാണെന്ന തത്ത്വം ഇസ്‌ലാമിനു മുമ്പേ ഒരു മതവും അവതരിപ്പിച്ചിട്ടില്ല. ഭൗതിക ഭരണകൂടങ്ങൾ സെൻസസ് എടുക്കുന്നത് ടാക്സ് പിരിക്കാനും ആർമിയിൽ റിക്രൂട്ടുമെന്റ് നടത്താൻ വിവരങ്ങൾ ശേഖരിക്കാനും അങ്ങനെ സമയം വരുമ്പോൾ എത്ര യുവാക്കളുണ്ടെന്നറിയാനുമൊക്കെയാണ്. എന്നാൽ, ഇസ്‌ലാമിൽ ഹ്ദറത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഏറ്റവുമാദ്യം സെൻസസ് എടുത്തത് എല്ലാവർക്കും ഭക്ഷണവും വസ്ത്രവുമെത്തിക്കാനായിരുന്നു. അല്ലാതെ ടാക്സ് പിരിക്കാനോ ആവശ്യമുള്ളപ്പോൾ എത്ര ജവാന്മാരെ കിട്ടുമെന്ന് അറിയാനോ ആയിരുന്നില്ല. ഒരിക്കൽ നബി(സ)തിരുമേനിയുടെ കാലത്തും കാനേഷുമാരി നടന്നു എന്നതിൽ തർക്കമൊന്നുമില്ല. എന്നാൽ, അക്കാലത്ത് ഇസ്‌ലാമിന് ഭരണാധികാരമുണ്ടായിരുന്നില്ല. അതിനാൽ ആ കാനേഷുമാരിയുടെ ഉദ്ദേശ്യം മുസ്‌ലിമീങ്ങളുടെ എണ്ണമറിയുക മാത്രമായിരുന്നു. ഇസ്‌ലാമിൽ ഭരണം നിലവിൽ വന്നതിനുശേഷം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലത്താണ് വ്യവസ്ഥാപിതമായി കാനേഷുമാരി നടന്നത്. അത് ഓരോരുത്തർക്കും ഭക്ഷണവും വസ്ത്രവും ഉറപ്പുവരുത്താനായിരുന്നു. ഇതു എത്രമാത്രം സുപ്രധാന സംഗതിയാണ്. ഇതുവഴി ലോകം മുഴുവൻ സമാധാനം നിലനില്ക്കുന്നതാണ്. 'അപേക്ഷ നല്കുക, ആലോചിക്കാം' എന്നൊന്നും വെറുതെ പറഞ്ഞിട്ടു കാര്യമില്ല. എല്ലാ മനുഷ്യരുടേയും

ആത്മാഭിമാനം അത് സഹിച്ചുകൊള്ളണമെന്നില്ല; അപേക്ഷ നല്കിക്കൊണ്ടിരിക്കലും പിന്നീട് ആലോചന നടത്തലും!അതുകൊണ്ട് ഭക്ഷണവും വസ്ത്രവും സർക്കാറിന്റെ ഉത്തരവാദിത്വമാണെന്ന തത്ത്വം ഇസ്‌ലാം നശ്ചയിക്കുകയുണ്ടായി. അത് എല്ലാ ധനികർക്കും ദരിദ്രർക്കും നല്കപ്പെടുന്നതാണ്. അതിപ്പോൾ കോടീശ്വരനായാലും വേണ്ടില്ല. അവർക്കത് മറ്റുള്ളവർക്ക് നല്കുകയും ചെയ്യാം. അങ്ങനെ അപകർഷതാബോധമുണ്ടാകുകയുമില്ല. ധനികർക്ക് ലഭിക്കുന്നത് അവർ തഖ്‌വാ കൈക്കൊള്ളുകയാണെങ്കിൽ അത് ആവശ്യക്കാർക്ക് കൈമാറുകയും സ്വയം ഉപയോഗിക്കാതിരിക്കുകയും ചെയ്യാവുന്നതാണ്.

ഉമറിന്റെ കാലഘട്ടത്തിൽ രാജ്യങ്ങളെ പ്രവിശ്യകളായി തരംതിരിച്ചു. ഹിജ്റ വർഷം 20ൽ ഇസ്‌ലാം അധിനിവിഷ്ട രാജ്യങ്ങളെ 8 പ്രവശ്യകളായി വിഭജിക്കുകയുണ്ടായി. ഭരണ സംവിധാനം എളുപ്പമാക്കാനായിരുന്നു ഹദ്റത്ത് ഉമർ അപ്രകാരം ചെയ്തത്. ഒന്ന് മക്ക, രണ്ട് മദീന, മൂന്ന് ശാം, നാല് ജസീറ, അഞ്ച് ബസ്വറ, ആറ് കൂഫ, ഏഴ് മിസ്‌ർ, എട്ട് ഫലസ്തീൻ.

പിന്നീട് അദ്ദേഹത്തിന്റെ കാലത്ത് ശൂറായുടെ-കൂടിയാലോചനസഭ-സംവിധാനം നിലവിൽവന്നു. മജ്‌ലിസ് ശൂറായിൽ മുഹാജിരീങ്ങളിൽനിന്നും അൻസ്വാറിൽനിന്നുമുള്ള അംഗങ്ങളുണ്ടാകേണ്ടത് നിർബന്ധമായിരുന്നു. അൻസ്വാറിൽ രണ്ടു ഗോത്രക്കാരുണ്ടായിരുന്നു;ഔസും ഖസ്റജും. ഇരു കുടുംബങ്ങളും ശൂറായിൽ പങ്കെടുക്കേണ്ടത് നിർബന്ധമായിരുന്നു. മജ്‌ലിസ് ശൂറായിൽ ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ),ഹദ്റത്ത് ഉബയ് ബിൻ കഅ്ബ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ), എന്നിവർ പങ്കെടുക്കാറുണ്ടായിരുന്നു. സഭ കൂടുന്ന രീതി ഇപ്രകാരമായിരുന്നു. ആദ്യമൊരാൾ **അസ്സ്വലാത്തു ജാമിഉൻ** അതായത് എല്ലാവരും നമസ്കാരത്തിന് ഒത്തുചേരുക എന്ന് വിളിച്ചു പറയും. ജനങ്ങൾ ഒത്തുകൂടിയാൽ ഉമർ(റ)മസ്ജിദ് നബ് വിയിൽപോയി രണ്ടു റക്അത്ത് നമസ്കരിക്കും. നമസ്കാര ശേഷം മിമ്പറിൽ കയറി ഖുത്ബ നിർവഹിക്കും. പിന്നീട് ചർച്ചാവിഷയം അവതരിപ്പിക്കും. അതിനെ കുറിച്ച് ചർച്ച നടക്കും.സാധാരണവും ദിനേനയുള്ളതുമായ കാര്യങ്ങളിൽ ആ സഭയുടെ തീരുമാനം മതിയാകുമായിരുന്നു. എന്നാൽ, ഏതെങ്കിലും സുപ്രധാന സംഗതി അവതരിപ്പിക്കപ്പെട്ടാൽ മുഹാജിരീങ്ങളുടേയും അൻസ്വാറിന്റേയും ഒരു പൊതുയോഗം വിളിച്ചു കൂട്ടുമായിരുന്നു. എന്നിട്ട് എല്ലാവരുടേയും സമ്മതത്താൽ അക്കാര്യത്തിൽ തീരുമാനമെടുക്കും. സൈന്യത്തിന്റെ ശമ്പളം, ഓഫീസ് ക്രമീകരണം, ഗവർണർ നിയമനം, അന്യസമുദായങ്ങൾക്ക് വ്യാപാര സ്വാതന്ത്ര്യം, അവർക്കുള്ള ആദായ നികുതി തുടങ്ങി ഒരുപാട് കാര്യങ്ങൾ ശൂറായിൽ അവതരിപ്പിക്കപ്പെടുകയും തീരുമാനം എടുക്കുകയും ചെയ്യുമായിരുന്നു. അടിയന്തരാവശ്യങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് മജ്‌ലിസ് ശൂറാ വിളിച്ചു ചേർക്കുമായിരുന്നു. ഇതിനു പുറമെ മറ്റൊരു മജ്‌ലിസ് ഉണ്ടാകുമായിരുന്നു. അതിൽ ദിനേനയുള്ള ഭരണകാര്യങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിരുന്നത്. ഈ യോഗം എപ്പോഴും മസ്ജിദ് നബ്‌വിയിലായിരുന്നു സംഘടിപ്പിച്ചിരുന്നത്. അതിൽ മുഹാജിരീങ്ങളായ സ്വഹാബത്ത് മാത്രമെ പങ്കെടുത്തിരുന്നുള്ളു. പ്രവശ്യകളുടേയും ജില്ലകളുടേയും ദിനവൃത്താന്തങ്ങൾ എത്തുന്ന മുറയ്ക്ക് ഹദ്റത്ത് ഉമർ അത് ആ മജിലിസുകളിൽ വിവരിക്കുകയും കൂടിയാലോചിക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതിൽ ജനങ്ങളുടെ അഭിപ്രായം തേടുകയും ചെയ്യുമായിരുന്നു. മജ്‌ലിസ് ശൂറായിലെ അംഗങ്ങളെക്കൂടാതെ പൊതുജനങ്ങൾക്കും നിസ്വാം അഥവാ ഭരണ വ്യവസ്ഥിതിയുടെ കാര്യങ്ങളിൽ അഭിപ്രായം പറയാമായിരുന്നു. പ്രവശ്യകളുടേയും ജില്ലകളുടേയും അമീറുമാരെ പൊതുജന താൽപര്യം നോക്കിയാണ് നിയമിച്ചിരുന്നത്. ചിലപ്പോൾ തിരഞ്ഞെടുപ്പ് രീതിയും അവലംബിച്ചിരുന്നു. കൂഫ, ബസ്വറ, ശാം എന്നീ രാജ്യങ്ങളിൽ ടാക്സിനായി ഉദ്യോഗസ്ഥരെ നിയമിക്കേണ്ടി വന്നപ്പോൾ ആ മൂന്നു പ്രവിശ്യകളിലേക്കും ഹദ്റത്ത് ഉമർ ഒരു സന്ദേശമയക്കുകയും അതിൽ അവിടെയുള്ള ജനങ്ങൾ തങ്ങളുടെ ഇഷ്ടപ്രകാരം ഒരാളെ തിരഞ്ഞെടുത്തയക്കാൻ പറയുകയും ചെയ്തു. അത് അവർക്ക് മറ്റെല്ലാവരെക്കാളും കൂടുതൽ വിശ്വസ്തരും യോഗ്യരുമായിരിക്കണമെന്ന് നിർദേശിച്ചു. ഹദ്റത്ത് ഉമറിന്റെ ഗവർണർ നിയമനം, അവർക്കുള്ള നിർദേശങ്ങൾ അയക്കുന്നരീതി എന്നിവയെ കുറിച്ച് എഴുതിയിരിക്കുന്നു.

സുപ്രധാന സേവനങ്ങൾക്ക് ഉദ്യോഗസ്ഥ നിയമനം ശൂറാ മുഖേനയായിരുന്നു നടന്നിരുന്നത്. എല്ലാ അംഗങ്ങൾക്കും സമ്മതമായവരെ തിരഞ്ഞെടുത്തിരുന്നു. ചിലപ്പോൾ ജില്ല/പ്രവിശ്യ അമീറുമാർക്ക് കൂടുതൽ യോഗ്യനായ ഒരാളെ തിരഞ്ഞെടുത്ത് അറിയിക്കാൻ നിർദേശം നല്കുമായിരുന്നു. അത്തരം വ്യക്തികളെത്തന്നെ തിരഞ്ഞെടുത്ത് ഹദ്റത്ത് ഉമർ(റ)ഉദ്യോഗസ്ഥരായി നിയമിക്കുമായിരുന്നു. ഹദ്റത്ത് ഉമർ ഗവർണർമാർക്ക് കൂടുതൽ ശമ്പളം നിശ്ചയിച്ചിരുന്നു. അവർ വിശ്വസ്തതയോടെ കടമ നിറവേറ്റാനും അത്യാഗ്രഹം ഇല്ലാതിരിക്കാനും യുക്തിയുക്തമായ ഒരു നിലപാടായിരുന്നു അത്. ഹദ്റത്ത് ഉമർ ഇപ്രകാരം ഉദ്യോഗസ്ഥരെ ഉപദേശിച്ചിരുന്നു. ‘നിങ്ങളെ ഞാൻ ജനങ്ങൾക്ക് അമീറും കർക്കശക്കാരുമായല്ല നിയമിച്ചു അയച്ചിട്ടുള്ളത്. പ്രത്യുത അവർക്ക് ഇമാമായിട്ടാണ് അയച്ചിട്ടുള്ളത്. ജനങ്ങൾ നിങ്ങളെ പിൻപറ്റുമാറാകണം. മുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കണം. അവരെ മർദനമുറകളാൽ നിന്ദിതരായിക്കരുതി ശിക്ഷിക്കരുത്. അവരോടുള്ള കടമകൾ നിറവേറ്റാൻ പരിശ്രമിക്കണം. പരീക്ഷണത്തിൽ അകപ്പെടുമാറ് ആരേയും അനാവശ്യമായി പ്രശംസിക്കരുത്. നിങ്ങളുടെ വാതിലുകൾ ഒരിക്കലും അവർക്ക് അടഞ്ഞു കിടക്കരുത്. ശക്തർ അശക്തരെ ചൂഷണം ചെയ്യരുത്. ആരെക്കാളും താൻ ശ്രേഷ്ഠനാണെന്ന് കരുതരുത്. ഇത് അവർക്കുമേലുള്ള അന്യായമാണ്.’ അതുപോലെ ഗവർണർമാരെക്കൊണ്ട് ഇങ്ങനെ പ്രതിജ്ഞ ചെയ്യിക്കുമായിരുന്നു. ‘തുർക്കി കുതിരകളുടെമേൽ സവാരി ചെയ്യില്ല. നേർത്ത വസ്ത്രം ധരിക്കില്ല. അരിച്ച ആട്ട കഴിക്കില്ല. വാതിലിൽ ഭടന്മാരെ നിശ്ചയിക്കുകയില്ല. ജനങ്ങൾക്കുവേണ്ടി എപ്പോഴും വാതിലുകൾ തുറന്നു വെക്കും.’ ഈ നിർദേശങ്ങളെല്ലാം എല്ലാ ഗവർണർമാർക്കും ബാധകമായിരുന്നു. അത് ജനങ്ങളെ വായിച്ചു കേൾപ്പിക്കുമായിരുന്നു. ഗവർണർമാരെ നിയമിച്ച ശേഷം അവരുടെ ധനവും സമ്പത്തും പരിശോധിക്കുമായിരുന്നു. അവരുടെ സാമ്പത്തിക സ്ഥിതി വല്ലാതെ കൂടുതലായാൽ അതെക്കുറിച്ച് തൃപ്തികരമായ മറുപടി നൽകാത്ത പക്ഷം അവരെ വിചാരണ ചെയ്യുകയും കൂടുതലുള്ള ധനം ബയ്ത്തുൽമാലിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. ഹജ്ജ് വേളയിൽ നിർബന്ധമായും പങ്കെടുക്കാൻ അവർക്ക് കല്പന കൊടുത്തിരുന്നു. അവിടെ പൊതുകോടതി ചേരുമായിരുന്നു. ആർക്കെങ്കിലും ഏതെങ്കിലും ഗവർണരെ കുറിച്ച് പരാതിയുണ്ടെങ്കിൽ അതെ കുറിച്ച് അന്വേഷിക്കാൻ ഒരു ഉദ്യോഗസ്ഥ തസ്തിക സ്ഥാപിച്ചിരുന്നു. തലമുതിർന്ന സ്വഹാബാക്കളായിരുന്നു ആ തസ്തികയിൽ നിയമിതരായിരുന്നത്. അവർഅന്വേഷണത്തിന് പോകുകയും പരാതി ശരിയാണെന്നു തെളിഞ്ഞാൽ ഗവർണർ വിചാരണ നേരിടുകയും ചെയ്തിരുന്നു. ഗവർണറെ കുറിച്ചുള്ള പരാതികളെ ഹദറത്ത് ഉമർ കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

‘ഹദ്റത്ത് ഉമർ(റ)ന്റെ മറ്റൊരു സംഭവമുണ്ട്. കൂഫക്കാർ വളരെ ധിക്കാരികളും ദ്രോഹികളുമായിരുന്നു. അവരെപ്പോഴും ഉദ്യോഗസ്ഥന്മാർക്കെതിരെ പരാതിപ്പെടുമായിരുന്നു. ഇന്ന ഖാളി ഇത്തരക്കാരനാണ്, ഇന്നയാൾക്ക് ഈ പോരായ്മയും ഇന്ന വ്യക്തിക്ക് ആ ദോഷവുമുണ്ട് എന്നൊക്കെ പറഞ്ഞിരുന്നു! ഹദ്റത്ത് ഉമർ അവരുടെ പരാതിയിൽ ഭരണാധികാരികളെ മാറ്റാറുണ്ടായിരുന്നു. വെവ്വേറെ ഓഫീസർമാരെ നിശ്ചയിച്ചു കൊണ്ടിരിക്കുമായിരുന്നു. ചിലർ ഹദ്റത്ത് ഉമറിനോടു ഈ മാറ്റിക്കൊണ്ടിരിക്കുന്ന നിലപാട് ശരിയല്ലെന്ന് പറഞ്ഞിരുന്നു. ഈ നിലപാട് ഇങ്ങനെ തുടർന്നാൽ അവർ പരാതിയും നിറുത്തുന്നതല്ല. അതുകൊണ്ട് താങ്കൾ ഇങ്ങനെ കൂടെക്കൂടെ ഓഫീസർമാരെ മാറ്റാതിരിക്കുക എന്നായിരുന്നു അവർ പറഞ്ഞത്. എന്നാൽ, ‘കൂഫക്കാർ സ്വയം തളരുന്നതുവരെ താൻ ഓഫീസർമാരെ മാറ്റിക്കൊണ്ടേയിരിക്കു’മെന്നാ

(ശേഷം പേജ് 11 ൽ)

## കലാമുൽ ഇമാം

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ) തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**‘ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.’**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 01 (ചൊവ്വാഴ്ച) (തുടർച്ച)**

## അതിഥികളുടെ പ്രതികരണങ്ങൾ

ഹുദൂറിന്റെ പ്രഭാഷണം അതിഥികളിൽ അഗാധമയ സ്വാധീനം സൃഷ്ടിച്ചു. ചില അതിഥികൾ തങ്ങളുടെ പ്രതികരണങ്ങളും വികാരങ്ങളും തുറന്ന് പ്രകടിപ്പിച്ചു.

■ അൽമെറെ(**Almere**) ചർച്ച് ചെയർമാൻ ഹായോതേസൽ സാഹിബ് പറയുന്നു: സമാധാനത്തിന്റെ സന്ദേശമാണ് നിങ്ങളുടെ ജമാഅത്തിന്റേത്. സമാധാനത്തേയും മതസ്വാതന്ത്ര്യത്തേയും കുറിച്ച് നിങ്ങളുടെ ഖലീഫ വളരെ നല്ല പ്രഭാഷണമാണ് നിർവഹിച്ചത്. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകളും മുമ്പേ അൽമെറെയിൽ സമാധാനത്തോടെയാണ് കഴിഞ്ഞിരുന്നത്. ഇപ്പോള് അഹ്മദികളും നമ്മോടൊപ്പം സമാധാനത്തോടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

■ ഒരു പ്രാദേശിക ഡച്ച് സ്വദേശി യോനാസെ സാഹിബ് പറയുന്നു: കുറച്ചു നാൾ മുമ്പേ എനിക്ക് ഉൽഘാടന ക്ഷണക്കത്ത് ലഭിച്ചിരുന്നു. മറ്റുള്ളവരോട് ചർച്ച നടത്താൻ തയ്യാറാകുന്ന നിങ്ങളുടെ ജമാഅത്തിന്റെ രീതി വളരെ നല്ലതാണ്. നിങ്ങളുടെ ഖലീഫയുടെ സന്ദേശം വളരെ വ്യക്തമായിരുന്നു. ഇൻശാ അല്ലാഹ് ഞാൻലവീണ്ടും ഈ മസ്ജിദിൽ വരും.

■ ഒരു അറബ് അതിഥി അൽവലീദ് സാഹിബ് പറയുന്നു: നിങ്ങളുടെ പ്രോഗ്രാമിൽ വന്നത് വളരെ നല്ലതായിതോന്നി. കുറച്ചു നാളുകളായി ഞാൻ നിങ്ങളെ കുറിച്ച് പരിചയപ്പെട്ടു വരികയായിരുന്നു. നിങ്ങളുടെ ജമാഅത്തിന്റെ സമാധാനസന്ദേശം ലോകത്തിന് വളരെ അനിവാര്യമാണ്. ഈ മസ്ജിദ് സമാധാനത്തിന്റെ വഴിയിൽ മാതൃകാപരമായിരിക്കുമെന്ന നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം എനിക്ക് വളരെ ഇഷ്ടമായി.

■ ഒരു ഡച്ച് വനിത ഹൈനി സാഹിബ പറയുന്നു: സമാധാനത്തിന്റെ സന്ദേശമാണ് ഖലീഫയുടേത്. ഞാൻ അൽമെറെയിലാണ് താമസിക്കുന്നത്. സ്വന്തം മസ്ജിദിന്റെ ഉൽഘാടന വേളയിൽ നിങ്ങൾ ഞങ്ങളെ ക്ഷണിച്ചത് എനിക്ക് വളരെ നല്ലതായി തോന്നി. വളരെ നല്ല ആതിഥേയത്വം പുലർത്തുന്ന ജമാഅത്താണ് നിങ്ങളുടേത്. ഞങ്ങളുടെ ക്രൈസ്തവ അധ്യാപനങ്ങളുമായി നിങ്ങളുടെ ഖലീഫയുടെ സമാധാന സന്ദേശം വളരെ സാമ്യം പുലർത്തുന്നതാണ്. ഞങ്ങളോടൊപ്പം ചേർന്ന് നിങ്ങളുടെ ജമാഅത്തും ഈ പ്രദേശത്ത് സമാധാനം നിലനിറുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

■ മന്തോയൂനെദൊ എന്ന **NGO**-യുടെ തലവൻ യാട്രേഷാ ഹാഫെ മാൻ സാഹിബ പറയുന്നു: ഞാൻ ദ ഹേഗിൽ നിന്നാണ് വരുന്നത്. നിങ്ങളുടെ പ്രോഗ്രാമിന്റെ സംഘാടനം എനിക്ക് വളരെ നല്ലതായി തോന്നി. മുമ്പേയും ഞാൻ നിങ്ങളുടെ ഖലീഫയെ കണ്ടിട്ടുണ്ട്. ഞങ്ങളോടൊപ്പം ചേർന്നുകൊണ്ട് നിങ്ങളുടെ ഖലീഫയും ജമാഅത്തും ഇക്കാലഘട്ടത്തിലെ സമൂഹങ്ങളുടെ ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

■ ഒരു അറബ് അതിഥി സക്കരിയ്യാ അൽ അള്ഹർ സാഹിബ് പറയുന്നു: ഇന്നത്തെ പ്രോഗ്രാം വളരെ നല്ലതായി തോന്നി. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെ പ്രൗഢമായിരുന്നു. സമാധാനം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമുക്ക് തീർച്ചയായും ഈ പ്രഭാഷണം അനുസരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. നിങ്ങളുടെ പ്രോഗ്രാമിന്റെ തുടക്കത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യപ്പെട്ടു എന്നത് ഒരു അറബി എന്ന നിലയിൽ വളരെ നല്ലതായിതോന്നി എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

■ ഒരു പ്രാദേശിക അതിഥി ദേനേകെ സാഹിബ പറയുന്നു: വളരെ പ്രൗഢമായ നിലയിൽ നിങ്ങളുടെ പ്രോഗ്രാം നടത്തപ്പെട്ടു. നിങ്ങളുടെ ഖലീഫയെ കണ്ടത് വളരെ നല്ലതായി തോന്നി. പ്രഭാഷണവും വളരെ നല്ലതായിരുന്നു. സ്ത്രീകൾക്കും വളരെ നല്ല സംവിധാനം ഒരുക്കി എന്നതും നിങ്ങളുടെ പ്രോഗ്രാമിനെ കൂടുതൽ സുന്ദരമാക്കി. ഭാവിയിലും ഈ മസ്ജിദിൽ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജമാഅത്തിലെ സ്ത്രീകളേയും കാണണമെന്ന ആഗ്രഹമുണ്ട്.

■ ഒരു തദ്ദേശ അതിഥി ഫിലിപ്പ് സാഹിബ് പറയുന്നു:നിങ്ങളുടെ മസ്ജിദ് കാണണമെന്ന അദമ്യമായ ആഗ്രഹം എനിക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ഇന്ന് ഞാൻ ഇവിടെ വന്നതും. ഇതോടൊപ്പം നിങ്ങളുടെ ഖലീഫയേയും കണ്ടതോടെ ഇന്നത്തെ ദിനം എനിക്ക് വളരെ പ്രത്യേകതയുള്ളതാണ്. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം എന്നിൽ അഗാധമായ സ്വാധീനമുണ്ടാക്കി.

■ ഒരു തദ്ദേശ അതിഥി എഡ്വിൻ സാഹിബ് പറയുന്നു:മുസ്ലിമീങ്ങളുടെ ഇത്തരത്തിലുള്ള ഒരു പ്രോഗ്രാമിൽ ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്. സൂക്ഷിച്ച് നിൽക്കണമെന്നും മുസ്ലിമീങ്ങൾ എന്ത് എപ്പോൾ ചെയ്യുമെന്നൊന്നും അറിയാൻ കഴിയില്ലെന്നും ഇവിടേക്ക് വരുന്നതിനു മുമ്പേ എന്റെ അയൽവാസി എന്നോട് പറഞ്ഞിരുന്നു. എന്നാൽ, എനിക്ക് ഇവിടെ വന്നപ്പോൾ വളരെ നല്ലതായി തോന്നി. തുടക്കം മുതൽ അവസാനംവരെ നിങ്ങളുടെ ജമാഅത്ത് ഞങ്ങളെ പ്രത്യേകം ശ്രദ്ധിച്ചു. നിങ്ങളുടെ ആതിഥേയത്വം അവിസ്മരണീയമായി നിലകൊള്ളും. നിങ്ങൾ സമാധാന കാംക്ഷികളാണെന്നും അൽമെറെ പട്ടണത്തിന്റെ അന്തരീക്ഷം മോശമാക്കില്ലെന്നും നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണത്തിൽനിന്നു വ്യക്തമായി.

■ ഒരു തദ്ദേശ വനിത അയോലിൻ സാഹിബ പറയുന്നു: ഇന്നത്തെ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്ക് നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെ അനിവാര്യമാണ്. ഇസ്ലാമിന്റെ ഈ രൂപം ലോകത്ത് കാണപ്പെടാത്തതിൽ വളരെ വ്യസനമുണ്ട്. നിങ്ങളുടെ ജമാഅത്തിലെ വ്യക്തികൾ വളരെ കഠിനാധ്വാനികളും ആതിഥേയരുമാണ്. ഈ മസ്ജിദിനെ ഇന്നാദ്യമായാണ് ഞാൻ കാണുന്നത്. ഭാവിയിലും ഞാനിവിടെ വരാൻ ആഗ്രഹിക്കുന്നു. കാരണം നിങ്ങളുടെ മസ്ജിദിൽ എനിക്ക് സമാധാനം കിട്ടി.

■ ഒരു സിഖ് വനിത ഗുർപ്രീത്ത് കോർ സാഹിബ പറയുന്നു: നിങ്ങളുടെ ജമാഅത്തിനെ കുറിച്ച് വളരെ കാലമായി, ഞങ്ങൾക്ക് അറിയാം. ഞങ്ങൾ ഖാദിയാനിലും പോയിട്ടുണ്ട്. ഇന്ത്യയിൽ നമ്മുടെ വീട് അമൃതസറിലാണ്. ഇന്നത്തെ നിങ്ങളുടെ പരിപാടിയിൽ വന്നത് വളരെ നല്ലതായി തോന്നി. പ്രത്യക്ഷമായ നിലയിൽ ഇന്നത്തെ കാലത്ത് അനിവാര്യമായിട്ടുള്ളതുപോലെ നിങ്ങൾ ഒരു കുടുംബത്തെ പോലെയാണ് കഴിയുന്നത്.

**2019 ഒക്ടോബർ– 2, ബുധനാഴ്ച**

രാവിലെ 06.30 - ന് ഹുദൂർ മസ്ജിദ് ബയ്ത്തുന്നൂറിൽ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുസൂർ ഓഫീസ് സംബന്ധമായ കത്തുകളും സാധാരണ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. 11.20 - ന് ഹുദൂർ ഹോളണ്ട് അമീറായ ഹിബത്തുന്നൂർ ഫർഖാൻ സാഹിബിനേയും നൺസ്പീറ്റ് മുബല്ലിഗ് ഹാമിദ് കരീം മഹ്മൂദ് സാഹിബിനേയും ഓഫീസിലേക്ക് വിളിപ്പിച്ചു. ഹുദൂറുമായി ഓഫീസ് സംബന്ധമായ കൂടിക്കാഴ്ചക്ക് അവസരം ലഭിച്ച ഇവർക്ക് സുപ്രധാന കാര്യങ്ങളിൽ ആവശ്യമായ മാർഗനിർദേശങ്ങൾ ഹുദൂർ നല്കി.

### ഹോളണ്ടിൽനിന്ന് ഫ്രാൻസിലേക്ക്

ഹോളണ്ടിലെ ആബാലവൃദ്ധം അഹ്മദികളും രാവിലെ മുതൽതന്നെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ യാത്രയയക്കാൻ ജമാഅത്ത് കേന്ദ്രമായ ബയ്ത്തുന്നൂർ മസ്ജിദിന്റെ പരിസരത്ത് ഒരുമിച്ചു കൂടിയിരുന്നു. 11.25ന് താമസസ്ഥലത്തുനിന്ന് ഹുദൂർ പുറത്തുവന്നു.കൈയുയർത്തി എല്ലാവർക്കും സലാം പറഞ്ഞതിന്നുശേഷം ദുആക്ക് നേതൃത്വം നല്കി. തുടർന്ന് യാത്രാ സംഘം ഫ്രാൻസിലേക്ക് പുറപ്പെട്ടു.

ഫ്രാൻസിൽ ജമാഅത്ത് പുതുതായി വാങ്ങിയ

ബയ്ത്തുൽ അത്വാ സെന്റർ സ്ഥിതി ചെയ്യുന്ന ട്രൈ ചാറ്റ് യൂ(**Trie Chateau**) പട്ടണം നൺസ്പീറ്റിൽ(**Nuns Peet**) നിന്ന് 536 കിലോമീറ്റർ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. 130 കിലോമീറ്റർ യാത്ര പൂർത്തിയാക്കിയപ്പോൾ ഹോളണ്ട് ബോർഡർ ക്രോസ് ചെയ്ത് ബെൽജിയം രാജ്യത്ത് പ്രവേശിച്ചു. ബെൽജിയം പട്ടണമായ കോർജിറിക്കിന് (**Korjrijk**) സമീപമുള്ള സിന്റ് അണ്ണ (**Sint Ana**) പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഹോസ്റ്റലറി ക്ലൊക്കോഫ് ഹോട്ടലിൽ (**Hostellerie Klokhof**) എത്തിയ യാത്രാ സംഘം ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹ്ർ-അസ്വ്ർ നമസ്കാരം ജംആക്കി നിർവഹിച്ചു. തുടർന്ന് എല്ലാവരും ഫ്രാൻസ് ജമാഅത്ത് ഒരുക്കിയ ഉച്ചഭക്ഷണം ഹുദൂറിനൊപ്പം കഴിച്ചു. ഫ്രാൻസിൽ നിന്ന് ഫ്രാൻസ് അമീർ ഇശ്ഫാഖ് റബ്ബാനി സാഹിബ്, ജനറൽ സെക്രട്ടറി ഫഹീം അഹ്മദ് നിയാസ് സാഹിബ്, നാഇബ് അമീർ ഫ്രാൻസ് അസ്‌ലം ദോബരി സാഹിബ്, നാഷണൽ സെക്രട്ടറി തർബിയ്യത്ത് മൻസ്വൂർ അഹ്മദ് വീനസ് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഫ്രാൻസ് എന്നിവർ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിനെ സ്വീകരിക്കാൻ ഹോട്ടലിൽ എത്തിയിരുന്നു.

ഹോളണ്ട് ബോർഡറിൽ നിന്ന് 155 കിലോമീറ്റർ ദൂരം താണ്ടിയാണ് 2.15ന് ഹുദൂറും യാത്രാസംഘവും ഹോസ്റ്റലറി (**Hostellerie Klokhof**) ഹോട്ടലിലെത്തിയത്. അമീർ സാഹിബ് ഫ്രാൻസ് തന്റെ ടീമിനോടൊപ്പം ഹുദൂറിനെ സ്വീകരിച്ചു. ഹുദൂർ അവർക്ക് ഹസ്തദാനം നല്കി. നമസ്കാരത്തിനുവേണ്ടി ഒരു ഹാളിൽ സൗകര്യം ഒരുക്കപ്പെട്ടിരുന്നു. 2.40-ന് ഹുദൂർ ളുഹ്ർ-അസ്വ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

നമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം ഫ്രാൻസിലേക്കുള്ള യാത്ര പുനരാരംഭിക്കുന്നതിന്നു മുമ്പേ ഹോളണ്ടിൽനിന്ന് ഹുദൂറിനെ യാത്രയയക്കാൻ വന്ന ടീമംഗങ്ങൾക്ക് ഹുദൂർ ഹസ്തദാനം ചെയ്തു. അമീർ ജമാഅത്ത് ഹോളണ്ട് ഹിബത്തുന്നൂർ ഫർഖാൻ സാഹിബ്, നാഇബ് അമീർ അബ്ദുൽ ഹമീദ് ദർഫീൽദൻ സാഹിബ്, മുബല്ലിഗ് ഇൻചാർജ് നയീം അഹ്മദ് വഡായിച്ച് സാഹിബ്, നാഷണൽ സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി സുബയ്ർ അക്മൽ സാഹിബ്, ഇന്റേർണൽ ഓഡിറ്റർ ളില്ലുർറഹ്മാൻ, സെക്രട്ടറി ജാഇദാദ് ഥമർ അഹ്മദ് നാസ്വിർ സാഹിബ്, ജൽസാസാലാന ഓഫീസർ ചൗദരീ മുബശ്ശിർ അഹ്മദ് സാഹിബ്, ചൗദരീ ലഈഖ് അഹ്മദ് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഉഥ്മാൻ സാഹിബ് സെക്യൂരിറ്റി ടീമിനോടൊപ്പവും ഹദൂറിനെ യാത്രയയക്കാൻ എത്തിയിരുന്നു. ഇവിടെ നിന്ന് ഇവർ ഹോളണ്ടിലേക്ക് മടങ്ങിപ്പോകുകയും ചെയ്യും.

03.35-ന് ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് ഫ്രാൻസിലേക്ക് പുറപ്പെട്ടു. ഇവിടെ നിന്നും ഫ്രാൻസിൽ നിന്നും വന്ന സെക്യൂരിറ്റി ടീം ഹുദൂറിന്റെ സംഘത്തെ നയിച്ചു. ഫ്രാൻസിലെ ബയ്ത്തുൽഅത്വാ ഇവിടെ നിന്ന് 251 കിലോമീറ്റർ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്.

**ഹുദൂർ അയ്യദഹുല്ലാഹ് ഫ്രാൻസിൽ**

ഏകദേശം 3 മണിക്കൂർ 5 മിനിറ്റ് യാത്രയ്ക്കുശേഷം ഹുദൂർ ഫ്രാൻസിലെ പുതിയ ജമാഅത്ത് സെന്ററായ ബയ്ത്തുൽ അത്വാ ഇലെത്തി. ഫ്രാൻസിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വന്ന ആബാലവൃദ്ധം അഹ്മദീ സ്ത്രീ പുരുഷന്മാർ ഹുദൂറിനെ സ്വീകരിക്കാൻ സെന്ററിന്റെ ചുറ്റുവളപ്പിൽ തടിച്ചുകൂടിയിരുന്നു. സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും ആവേശത്തിൽ അവരെല്ലാവരും കൈകൾ ഉയർത്തിവീശി ഹുദൂറിനെ വരവേറ്റു. **അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബ** വിളികൾ അന്തരീക്ഷത്തിൽ മുഖരിതമായി. ഒരു ഭാഗത്ത് ജമാഅത്ത് സഹോദരങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് സ്വാഗതമോതുമ്പോൾ മറുഭാഗത്ത് സ്ത്രീകളും ഹുദൂറിനെ കണ്ട് സായൂജ്യമടഞ്ഞു. കുട്ടികൾ സ്വാഗത, പ്രാർഥന ഗീതങ്ങൾ ആലപിച്ചു.

**ബയ്ത്തുൽഅത്വാ മസ്ജിദ് ഫലകം അനാച്ഛാദനം**

തുടർന്ന് ബയ്ത്തുൽഅത്വാ മസ്ജിദിന്റെ ഫലകം അനാച്ഛാദനം ചെയ്തിന്നു ശേഷം ദുആക്ക് ഹുദൂർ നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് പോയി.

പ്രിയപ്പെട്ട ഇമാമിനെ സ്വീകരിക്കാൻ വന്ന അഹ്മദികൾ പാരീസിൽനിന്നു വന്ന കുടുംബങ്ങളും, എപേർമി, സഡാസ്ബർഗ്, ലിയോൺ എന്നീ സ്ഥലങ്ങളിൽനിന്നു വന്നവരും ഉൾപ്പെടുന്നു. പാരീസ് ജമാഅത്തിൽനിന്നു വന്നവർ 80 കിലോമീറ്ററും എപീർമെയിലിൽ നിന്നു വന്നവർ 100 കിലോമീറ്ററും സഡാസ്ബെർഗിൽ നിന്നു വന്നവർ 441 കിലോമീറ്ററും ലിയോണിൽനിന്നും വന്നവർ449 കിലോമീറ്ററും യാത്ര ചെയ്താണെത്തിയത്.

ഈ പ്രദേശത്തിന്റെ മേയർ ദാവീദ് ദീദിയർ സാഹിബും ഹുദൂറിനെ സ്വീകരിക്കാൻ വന്നിരുന്നു. ഹുദൂറിനെ സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: ഹുദൂർ ഈ ചെറിയ പ്രദേശത്ത് വന്നിരിക്കുന്നു.

മേയർ എവിടെയാണ് താമസിക്കുന്നതെന്ന് ഹുദൂർ ചോദിച്ചപ്പോൾ മേയർ പറഞ്ഞു: കുറച്ച് താഴ്ന്ന ഭാഗത്താണ്. തുടർന്ന് ഹുദൂർ മേയറിന് നന്ദി പറഞ്ഞു.

നമസ്കാരങ്ങൾക്കുവേണ്ടി ഇവിടെ മസ്ജിദിന്റെ ഭൂഗർഭഭാഗത്ത് ഹാളിൽ സൗകര്യം ഒരുക്കിയിരിക്കുന്നു. ഇതിൽ ഏകദേശം 400 പേർക്ക് നമസ്കരിക്കാൻ സാധിക്കും. 08.15-ന് ഹുദൂർ മഗ്‌രിബ്-ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

ഫ്രാൻസിലെ ഒരു സംസ്ഥാനമായ ഹോട്സ് ഡെ ഫ്രാൻസ് ഓയിസ്(**HautsDeFrance Oise**) എന്ന ജില്ലയിലെ ട്രൈ ചാട്യൂ(**TrieChateau**) എന്ന പട്ടണത്തിലാണ് ബയ്ത്തുൽ അത്വാ എന്ന് നാമകരണം ചെയ്യപ്പെട്ട ജമാഅത്തിന്റെ പുതിയ സെന്റർ സ്ഥിതി ചെയ്യുന്നത്. ഈ ഭൂഭാഗം 55700 ചതുരശ്ര മീറ്ററാണ്. ഏകദേശം മുക്കാൽ ഹെക്ടറാണ്. 2014-ൽ ആറു ലക്ഷത്തി അമ്പതിനായിരം യൂറോയ്ക്കാണ് വാങ്ങിയത്. ഈ സ്ഥലം ഉയർന്ന പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. ട്രൈ എന്ന റെയിൽവേ സ്റ്റേഷനിൽനിന്നു 2 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്നു. കുതിരകളുടേയും പറവകളുടേയും വ്യാപാരം നടത്തുന്ന ഒരു റഷ്യൻ കുടുംബത്തിന്റെ സ്ഥലമായിരുന്നു ഇത്. (തുടരും)

****





**The Weekly BADR Qadian (Malayalam)**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവ മാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'** *(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅ കളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**"പലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു."** *(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

(പേജ് 8 ൽ നിന്ന്)

യിരുന്നു ഹദ്റത്ത് ഉമർ അവർക്ക് കൊടുത്ത മറുപടി. അങ്ങനെ ഒരു നീണ്ടകാലം അവരിൽനിന്ന് പരാതി വന്നുകൊണ്ടേയിരുന്നപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ഇനി ഞാൻ കൂഫക്കാർക്കായി അയക്കുന്ന ഗവർണർ അവരെ ശരിയാക്കിക്കൊള്ളും. ഹ്ദറത്ത് ഉമർ(റ) അവരെ നന്നാക്കാൻ അയച്ച ആ ഗവർണർ 19 വയസ്സുകാരനായ യുവാവായിരുന്നു. അബ്ദുർ റഹ്മാൻ ബിൻ അബീ ലയ്‌ലാ എന്നായിരുന്നു ആ ഗവർണറുടെ പേര്. ഒരു 19 വയസ്സുകാരനായ ചെറുപ്പക്കാരനാണ് തങ്ങളുടെ ഗവർണരായി വരുന്നതെന്ന് കൂഫക്കാർ അറിഞ്ഞപ്പോൾ അവർ കരുതി, എല്ലാവരുംകൂടി അയാളെ പാഠം പഠിപ്പിച്ചിട്ടുതന്നെ കാര്യം. കൂഫക്കാർ വളരെ കുബുദ്ധികളും അഹങ്കാരികളുമായിരുന്നു. അവർ വലിയ വലിയ പണ്ഡിതരായ എഴുപത് എൺപത് തൊണ്ണൂറ് വയസ്സുള്ളവരെ ഒരുമിച്ചുകൂട്ടി. എന്നിട്ട് അവർ നിശ്ചയിച്ചു ഈ വൃദ്ധന്മാരെയെല്ലാം കൂട്ടി എല്ലാ നഗരവാസികളും ചേർന്ന് അബ്ദുർറഹ്മാനെ സ്വാഗതം ചെയ്യാൻ പോകാം. പിന്നെ കളിയാക്കുന്നതിന്, 'അല്ല സാഹിബെ! അങ്ങയുടെ പ്രായമെന്താണ്?' എന്നു ചോദിക്കാം. അയാൾ മറുപടി പറഞ്ഞാൽ കളിയാക്കിചിരിക്കാം. ഒരു പീറ ചെറുക്കാനാണോ ഗവർണരായി വന്നതെന്ന് ചോദിക്കാം. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ അവർ പട്ടണത്തിനു രണ്ടു മൂന്നു മൈൽ വെളിയിൽ വന്നു. അദ്ദേഹത്തെ സ്വീകരിക്കാൻ വന്നതായിരുന്നു. അവിടെനിന്നു കോവർ കഴുതപ്പുറത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ലയും വന്നു. കൂഫാവാസികളെല്ലാം അണിയായി നിരന്നുനിന്നു. ഏറ്റവും മുന്നിലെ അണിയിൽ വൃദ്ധരായ പ്രമാണിമാരായിരുന്നു ഉണ്ടായിരുന്നത്. അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ല അടുത്തെത്തിയപ്പോൾ അവർ അദ്ദേഹത്തോടു ചോദിച്ചു, താങ്കളാണോ ഞങ്ങൾക്ക് ഗവർണരായി വന്നിരിക്കുന്നത്? താങ്കളുടെ പേര് അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ല എന്നാണോ? അദ്ദേഹം അതേ എന്നു പറഞ്ഞു. അപ്പോൾ അവരിൽ വളരെ പ്രായമുള്ള ഒരാൾ മുന്നോട്ടു വന്നിട്ട് സാഹിബിന്റെ വയസ്സെത്രയാണെന്ന് ചോദിച്ചു. അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ല ചോദിച്ചു എന്റെ പ്രായമോ? എന്റെ പ്രായത്തെ കുറിച്ച് ഊഹിക്കാൻ ഞാനൊരു കാര്യം പറയാം. നബി(സ) തിരുമേനി ഹദ്റത്ത് ഉസാമയെ 10,000 സ്വഹാബാക്കളുടെ നേതാവാക്കി യുദ്ധത്തിന് അയച്ചിരുന്നു. അക്കൂട്ടത്തിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറുമെല്ലാമുണ്ടായിരുന്നു. ആ നേരത്ത് ഹദ്റത്ത് ഉസാമ ബിൻ സയ്ദിനുണ്ടായിരുന്നതിനെക്കാൾ ഒരു വയസ്സ് അധികമാണ് എനിക്കുള്ളത്.' അതുകേട്ടതും മഞ്ഞു വീണതുപോലെ അവരെല്ലാവരും ലജ്ജിതരായി പിറകോട്ടു മാറി. അവർ ഇങ്ങനെ പരസ്പരം സംസാരിച്ചു, ഈ കുട്ടി ഇവിടെയുള്ള കാലത്തോളം നിങ്ങൾ മിണ്ടാതിരിക്കുക. അല്ലെങ്കിൽ അവൻ നമ്മുടെ തൊലിയുരിയിക്കുന്നതാണ്. അങ്ങനെ അദ്ദേഹം ഒരു നീണ്ടകാലം അവിടെ ഗവർണരായി തുടർന്നു. കൂഫക്കാർ അദ്ദേഹത്തിനു മുമ്പിൽ സംസാരിക്കുമായിരുന്നില്ല.

പിന്നെയുള്ളത് നികുതി സംവിധാനമാണ്. ഹദ്റത്ത് ഉമർ(റ) ഇറാഖ്, ശാം എന്നിവിടങ്ങളിൽ വിജയം പ്രാപ്തമായശേഷം ടാക്സിന്റെ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രമിച്ചു. രാജാക്കന്മാർ തദ്ദേശവാസികളിൽനിന്ന് തട്ടിപ്പിടിച്ച് രാജസദസ്സുകൾക്കും അമീറുമാർക്കും നല്കിയിരുന്ന ഭൂമികൾ അദ്ദേഹം നാട്ടുകാർക്ക് തിരികെ ഏല്പിച്ചു. അതൊടൊപ്പം ഇങ്ങനെ കല്പനയുമിറക്കി. അവിടങ്ങളിൽ ചേക്കേറിയ അറബികൾ അവിടെ കൃഷി ചെയ്യുകയില്ല. അതിനെക്കൊണ്ടുള്ള ഗുണമിതായിരുന്നു, നാട്ടുകാർക്കുണ്ടായിരുന്ന കൃഷിയിലുള്ള പരിചയ സമ്പന്നത അറബികൾക്കുണ്ടായിരുന്നില്ല. എല്ലാ പ്രദേശങ്ങളിലും അതാതു മേഖലയ്ക്കു അനുയോജ്യമായ കൃഷിരീതികളാണുള്ളത്. അതുകൊണ്ട് പുറത്തുക്കിയത്.

മുമ്പേ ജനങ്ങളിൽനിന്ന് ബലാൽക്കാരമായി നികുതി പിടിച്ചിരുന്നു. ഹദ്റത്ത് ഉമർ ടാക്സിന്റെ നിയമ വ്യവസ്ഥ തയ്യാറാക്കിയ ശേഷം ടാക്സ് പിടിച്ചെടുക്കുന്ന രീതിയും വളരെ സരളമാക്കി. അതിൽ ഭേദഗതികൾ കൊണ്ടുവന്നു. അക്കാര്യത്തിൽ ദിമ്മികളെ നല്ലവണ്ണം പരിഗണിച്ചിരുന്നു. ആരോടെങ്കിലും അന്യായം നടന്നോ എന്ന് കൃത്യമായി ചോദിച്ചറിയുമായിരുന്നു. പാർസികളും ക്രിസ്ത്യാനികളുമായിരുന്ന ദിമ്മികളോടു അഭിപ്രായം തേടിയിരുന്നു. എന്നിട്ട് അവരുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കുകയും ചെയ്തിരുന്നു. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജനശൂന്യമായ ഭൂപ്രദേശത്തെ കുറിച്ച് പറഞ്ഞത് അവിടെ താമസിക്കുന്നവർക്ക് ആ ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതായിരിക്കുമെന്നാണ്. അതിന് മൂന്നുവർഷത്തെ കാലാവധി നിശ്ചയിക്കപ്പെട്ടു. കനാലുകൾ നിർമിക്കുകയും ജലസേചന വകുപ്പ് രൂപീകരിക്കുകയും അതുവഴി കുളങ്ങളും മറ്റും തയ്യാർ ചെയ്യിക്കുകയുമുണ്ടായി. അങ്ങനെ കൃഷിക്ക് അഭിവൃദ്ധി നല്കി. ഈ പ്രവർത്തനങ്ങളൊക്കെയാണ് ഹദ്റത്ത് ഉമർ തുടങ്ങിയത്. ഹദ്റത്ത് ഉമറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഇനിയും തുടരുന്നതാണ്.

ഇനി ഞാനൊരു വിളംബരം ചെയ്യാനാഗ്രഹിക്കുകയാണ്. ഒരു അഹ്മദിയ്യാ സർവവിജ്ഞാനകോശം തയ്യാറാക്കിയിരിക്കുന്നു. അത് ഇന്നിവിടെ ലോഞ്ച് ചെയ്യപ്പെടുന്നതായിരിക്കും. കേന്ദ്ര അഹ്മദിയ്യ ആർക്കൈവ്സ് (archives) വകുപ്പും റിസർച്ച് സെന്ററും കൂടിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. കുറച്ചുകാലം മുമ്പേ ഇവർ ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾക്ക് ഈ വെബ്സൈറ്റ് ഓൺലൈനായി ലഭിക്കുന്നതാണ്. www.ahmadipedia.org എന്ന ലിങ്കിൽ ഇതു ലഭ്യമാണ്. അവിടെ വിഷയങ്ങളുടെ തിരച്ചിലിന് ഹോം പേജിൽ ഒരു സർച്ച് എഞ്ചിനുമുണ്ടായിരിക്കും. വളരെ ലളിതവും എളുപ്പവുമായി ഉപയോഗിക്കാവുന്ന രീതിയിലാണ് അത് തയ്യാറാക്കിയിട്ടുള്ളത്. ജമാഅത്തിന്റെ സാഹിത്യങ്ങൾ, വ്യക്തി വിവരങ്ങൾ, സംഭവങ്ങൾ വിശ്വാസാദർശങ്ങൾ, കെട്ടിടങ്ങൾ എന്നിവയെ സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ ലഭ്യമാണ്. ഓരോ എൻട്രിയോടൊപ്പവും ബന്ധപ്പെട്ട വിവിധ വെബ്സൈറ്റുകളുടെ ലിങ്കുകളും വീഡിയോകളും ജമാഅത്തിന്റെ പത്രമാസികകളിലുള്ള ലേഖനങ്ങളുടെ ലിങ്കുകളും കൊടുത്തിരിക്കുന്നു. അങ്ങനെ അതു സംബന്ധമായുള്ള വിശദവിവരങ്ങൾ ഒരുങ്ങിയിരിക്കുകയാണ്. വിശദാംശങ്ങൾക്കുവേണ്ടി കൊടുത്തിട്ടുള ഈ ലിങ്കുകളുടെ മറ്റൊരു പ്രയോജനമെന്നത് ഉപഭോക്താക്കൾക്ക് അതുവഴി ജമാഅത്തിന്റെ ഇതര വെബ്സൈറ്റുകളും സന്ദർശിക്കാൻ കഴിയുമെന്നതാണ്. അതുപോലെ എല്ലാ പത്രമാസികകളും ഉപയോഗപ്പെടുത്താനുമാകും. ലോക വ്യാപകമായിട്ടുള്ള അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളിൽ പലരുടേയും പക്കൽ റെക്കോഡ് ചെയ്യപ്പെട്ടിട്ടില്ലാത്ത പല വിവരങ്ങളുമുണ്ടാകും. അഹ്മദിയ്യാപീഡിയായുടെ വെബ്സൈറ്റിൽ കോണ്ട്രിബ്യൂട്ട് എന്നപേരിൽ ഒരു ഓപ്ഷനും കൊടുത്തിട്ടുണ്ട്. അവിടെ ആർക്കും ഏതു വിഷയത്തിലുമുള്ള തങ്ങളുടെ പക്കലുള്ള വിവരങ്ങൾ, സാക്ഷ്യങ്ങൾ, ഫൈലുകൾ എന്നിവ സമർപ്പിക്കാവുന്നതാണ്. അത് സ്വയംതന്നെ നേരിട്ട് അപ് ലോഡ് ചെയ്യാൻ പറ്റില്ല. ബന്ധപ്പെട്ട സംഘാടകർക്കാണ് നല്കുന്നത്. അങ്ങനെ ലഭിച്ച മാറ്ററുകളുടെമേൽ ഗവേഷണം നടത്തി സാക്ഷ്യപ്പെടുത്തിയശേഷം ബന്ധപ്പെട്ട എൻട്രിയോടൊപ്പം അവ ഉൾപ്പെടുത്തുന്നതായിരിക്കും. അങ്ങനെ വെബ്സൈറ്റ് എല്ലാ ജമാഅത്തംഗങ്ങളുടേയും സഹായസഹകരണങ്ങളോടെ തുടർന്നു പോകുന്ന ഒരു വെബ്സൈറ്റായി മാറുന്നതാണ് ഇൻശാ അല്ലാഹ്. ഇത് എല്ലാ അഹ്മദികൾക്കും പ്രയോജനപ്പെടുന്നതാണ്. അതുപോലെ ഈ വെബ്സൈറ്റിൽ വേണ്ട വിഷയങ്ങളെ കുറിച്ച് മാറ്ററുകൾ ലഭിച്ചില്ലെങ്കിൽ അഹ്മദിയ്യാ പീഡിയായുമായി ബന്ധപ്പെടാവുന്നതാണ്. അങ്ങനെ സംഘാടകർ ആ വിഷയത്തെ കുറിച്ചു മാറ്റർ ലഭ്യമാക്കാനുള്ള ഏർപാടു ചെയ്യുന്നതാണ്. അങ്ങനെ ഇതിലുള്ള എല്ലാ വിവരങ്ങളും ആധികാരിക സ്രോതസ്സുകളിൽനിന്ന് തയ്യാർ ചെയ്തിട്ടുള്ളതാണെങ്കിൽകൂടി അവർക്ക് വിഭിന്നമായ നിലയിൽ എന്തെങ്കിലും പ്രമാണങ്ങൾ ഗുണ ഭോക്താക്കളുടെ പക്കലുണ്ടെങ്കിൽ അവ നമുക്ക് ലഭ്യമാക്കേണ്ടതാണ്. അങ്ങനെയുള്ള തെളിവുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം ജമാഅത്തിന്റെ ചരിത്രത്തെ കൂടുതൽ വ്യാപകമായി റെക്കോഡു ചെയ്യുന്നതിനുള്ള സംവിധാനമുണ്ടായിരിക്കും. ഈ വെബ്സൈറ്റ് തയ്യാറാക്കാനായി എല്ലാ സാങ്കേതിക ഘട്ടങ്ങളും ഐ റ്റി വകുപ്പ് വളരെ നല്ല നിലയിൽ നിർഹിച്ചിരിക്കുകയാണ്. ഐ റ്റി ഡിപ്പാർട്ടുമെന്റ് ഇതിനായി അത്യധ്വാനം ചെയ്തിരിക്കുന്നു. അതിന് അവരുടെ പെർമനന്റ് സ്റ്റാഫുകളെക്കൂടാതെ സന്നദ്ധസേവകരും സേവനങ്ങൾ ചെയ്തിട്ടുണ്ട്. മാറ്ററുകൾ തയ്യാറാക്കാനായി കേന്ദ്ര ആർക്കേവ്സ് വകുപ്പിന്റെ മുറബ്ബിമാരും സന്നദ്ധസേവകരും വളരെ അധ്വാനിച്ചിട്ടുണ്ട്. മാറ്ററുകൾ ശേഖരിക്കുക, ഉർദുവിൽനിന്ന് വിവർത്തനം ചെയ്യുക, അപ്ലോഡ് ചെയ്യുക തുടങ്ങി എല്ലാ പ്രവർത്തനങ്ങളും കഠിനാധ്വാനത്തോടെ ചെയ്തിരിക്കുകയാണ്. ഈ വെബ്സൈറ്റിനു പിന്നിൽ പ്രവൃത്തിച്ച എല്ലാവരും അങ്ങനെത്തന്നെയാണ്. അല്ലാഹു എല്ലാവർക്കും തക്ക പ്രതിഫലം നല്കുമാറാകട്ടെ. ഇൻശാ അല്ലാഹ് ഇന്ന് ജുമുഅ നമസ്കാരത്തിനുശേഷം ഞാനിത്

...☆...☆☆...☆...

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്ററ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — *Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 5 August 2021 Issue-31

**MANAGER**
**SHAIKH MUJAHID AHMAD**

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2 ൽ നിന്ന്)**

നികളുമായി ഇസ്‌ലാമിന്റെ യാഥാർഥ്യം എന്ന വിഷയത്തിൽ ഈ വിനീതനുമായി വാദപ്രതിവാദം നടക്കുന്നതായിരിക്കും. അതുകൊണ്ട് എന്നെ കാഫിറാക്കി ഞാനുമായി മുബാഹല ചെയ്യാനാഗ്രഹിക്കുന്ന സത്യനിഷേധികളുമായി രണ്ടുമണി മുതൽ വൈകുന്നേരംവരെ എനിക്ക് ഒഴിവുണ്ടായിരിക്കും. ആ നേരത്ത് മുബാഹലയുടെ തിയതി ദുൽഖഅദ് പത്ത്, ഇനി മഴയോ മറ്റെന്തങ്കിലും അത്യാവശ്യം കൊണ്ടോ മാറ്റേണ്ടവന്നാൽ 1310 ദുൽഖഅദ് പതിനൊന്നിന് ഞാനുമായി മുബാഹല നടത്തുക. കലിമചൊല്ലുന്നവനും ഖിബ്‌ലക്കാരനുമായ ഈ വിനീതനെ കാഫിറെന്ന് വിളിക്കുന്ന മറ്റു ഉലമായും പങ്കെടുക്കുന്നതിന് ദുൽഖഅദ് പത്താം തിയതിയാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.'

**ഓരോ പേരെടുത്തു പറഞ്ഞുകൊണ്ട്**
**മുബാഹലയ്ക്കുള്ള ക്ഷണം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഓരോരോ ഉലമാഇന്റേയും പേരെടുത്തു മുബാഹലയ്ക്കു ക്ഷണിച്ചു. അവിടന്ന് താഴെ പറയുന്നവരുടെ പേരെടുത്തു പറഞ്ഞുകൊണ്ടാണ് ക്ഷണിച്ചത്:

(1.) മുഹ്‌യുദ്ദീൻ ലഘ്ഖോക്കകാരൻ (2) മൗലവി അബ്ദുൽ ജബ്ബാർ സാഹിബ് (3)ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബട്ടാലവി(4)മുൻശീ സഅ്ദുല്ലാഹ് മുദർരിസ് ഹൈസ്കൂൾ ലുധാന (5)അബ്ദുൽ അസീസ് ഉപദേശി ലുധാന(6)മുൻശീ മുഹമ്മദു ഉമർ മുൻ ഉദ്യോഗസ്ഥൻ താമസം ലുധാന(7)മൗലവി മുഹമ്മദ് ഹസ്സൻ സാഹിബ് റഈസ് ലുധാന(8)മിയാൻ നദീർ ഹുസയ്ൻ സാഹിബ് ലുധാന(9)പീർ ഹയ്ദർ ശാഹ് സാഹിബ്(10)ഹാഫിള്വ് അബുദുൽമന്നാൻ വസീറാബാദി(11)മിയാൻ അബ്ദല്ലാഹ് ടോങ്കി(12)മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരി(13)മൗലവി ശാഹ്ദീൻ സാഹിബ്(14)മൗലവി മുശ്ത്താഖ് അഹ്മദ് സാഹിബ് മുദർരിസ് ഹൈസ്കൂൾ ലുധാനവി(15) മൗലവി റശീദ് അഹ്മദ് ഗംഗോഹി(16)മൗലവി മുഹമ്മദ് അലി ഉപദേശി ബോപ്രാൻവാസി ജില്ല ഗുജ്റൻവാല(17)മൗലവി മുഹമ്മദ് ഇസ്ഹാഖ്(18)സുലയ്മാൻ സാക്കിനാൻ റിയാസത്ത് പട്ടിയാല(19)ള്വുഹൂറുൽഹസൻ സജ്ജാദ നശീൻ പട്ടിയാല(20)മൗലവി മുഹമ്മദ്, മുലാസിം മത്ബഅ കറം ബഖ്ശ് ലഹോർ തുടങ്ങിയവർ.

**മുഹമ്മദ് ഹുസയൻ ബട്ടാലവിക്ക്**
**മുബാഹലയ്ക്കു ക്ഷണം,**

കാരണം അദ്ദേഹം മുബാഹലയ്ക്ക് അഭ്യർഥിച്ചിരുന്നു. അവിടന്ന് പറഞ്ഞു: രജിസ്റ്റർ ചെയ്യപ്പെട്ട നോട്ടീസുകളുടെ അടിസ്ഥാനത്തിൽ നാം എത്തിയിട്ടും മുബാഹല മൈതാനത്ത് ഇവർ ഹാജറായിട്ടില്ലെങ്കിൽ അവർ തങ്ങളുടെ കുഫ്ർ ഫത്‌വയിൽ സ്വയമേവ കള്ളനും അക്രമിയും അസത്യവാനുമായി മനസ്സിലാക്കുന്നുവെന്നതിന് അതുതന്നെ ശക്തമായ തെളിവായിരിക്കും. പ്രത്യേകിച്ചും ഏറ്റവുമാദ്യം ശെയ്ഖ് മുഹമ്മദു ഹുസയൻ ബട്ടാലവി സാഹിബ് ഇശാഅത്തുസുന്നയുടെ നിർബന്ധ കടമയാണ് മുബാഹലക്ക് നിശ്ചിത തിയതിയിൽ അമൃതസറിലെ മൈതാനത്തെത്തുകയെന്നത്. കാരണം അയാൾ മുബാഹലയ്ക്കുവേണ്ടി സ്വയം അപേക്ഷയും നല്കിയിട്ടുണ്ട്. ഓർക്കുക! നാം ആവർത്തിച്ച് മുബാഹല ചെയ്യാനാഗ്രിഹക്കുന്നില്ല. മുബാഹല കളിയും തമാശയുമല്ല. ഇപ്പോൾ കുഫ്ർ ഫത്‌വ ന്‌ലകുന്ന എല്ലാ നിഷേധികളുടേയും തീരുമാനമുണ്ടാകേണ്ടതുണ്ട്. ആരാണോ നമ്മുടെ നോട്ടീസ് പ്രസിദ്ധീകരിച്ചതിനുശേഷം പിന്തിരിയുകയും നിശ്ചിത തിയതിയിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്നത് അവർക്ക് പിന്നീട് മുബാഹലയ്ക്ക് അപേക്ഷിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. പിന്നീട് മറഞ്ഞിരുന്ന് കാഫിർ എന്നു പറയുന്ന നാണംകെട്ടവരിൽപ്പെടുന്നതാണ്. ന്യായപൂർത്തിക്കുവേണ്ടി രജിസ്റ്റർ ചെയ്താണ് ഈ വിജ്ഞാപനം അയക്കുന്നത്; പിന്നീട് കുഫ്ർ ഫത്‌വാ പുറപ്പെടുവിക്കുന്നവർ ഒരു ഒഴികഴിവും പറയാതിരിക്കാൻ!ഇനി ഇവർ മുബാഹല ചെയ്യാതിരിക്കുകയും കാഫിറാക്കുന്നതിൽനിന്ന് പിന്മാറാതിരിക്കുകയുമാണെങ്കിൽ നമ്മുടെ ഹുജ്ജത്ത് അവരിൽ പൂർത്തിയായി. അവസാനം ഇതുംകൂടി ഓർമിക്കുക! മുബാഹലയ്ക്കുമുമ്പേ പൊതുയോഗത്തിൽ കാഫിറാക്കുന്നവരോടു എന്റെ ഇസ്‌ലാമിന്റെ കാരണങ്ങൾ വിവരിക്കുക എന്നത് നമ്മുടെ അവകാശമായിരിക്കും. വ**സ്സലാമു അലാ മനിത്തബയ്ൽഹുദാ** അതിനുശേഷം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)'ഹുജ്ജത്ത് പൂർത്തീകരണം' എന്ന ശീർഷകത്തിലെഴുതി:

ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബട്ടാലവി 1310 ദുൽഖഅദ് 10 ന് മുബാഹലയിൽ പങ്കെടുക്കാൻ ഹാജരായിട്ടില്ലെങ്കിൽ ആ ദിവസംമുതൽ, അദ്ദേഹത്തെകുറിച്ച് 'അദ്ദേഹം കാഫിർ എന്നു പറയുന്നതിൽനിന്ന് തൗബ ചെയ്യും' എന്ന് ഞാൻ അച്ചടിച്ച് വിതരണം ചെയ്ത പ്രവചനം പൂർത്തിയായതായി മനസ്സിലാക്കുന്നതായിരിക്കും. അവസാനമായി ഞാൻ ദുആ ചെയ്യുകയാണ്. സർവശക്തനായ അല്ലാഹുവേ!ഈ അക്രമമികളുടേയും അഹങ്കാരികളുടേയും ഫിത്നക്കാരുടേയുമ്മേൽ ലഅ്നത്ത് ചൊരിയേണമേ! നിന്ദ്യതുയുടെ പ്രഹരം ഏല്പിക്കേണമേ! ഈ മുബാഹല ക്ഷണം സ്വീകരിച്ച് നിശ്ചിത സ്ഥലത്തും സമയത്തും എനിക്കെതിരിൽ മൈതാനത്ത് വരാതെ മുബാഹലയ്ക്കുശേഷം എന്നെ കാഫിർ കാഫിർ എന്ന വിളിക്കുന്നതിൽനിന്നും അക്രമങ്ങളിൽനിന്നും ദ്രോഹപ്രവൃത്തികളിൽനിന്നും പിന്മാറാത്തവരുടേയുംമേൽ ലഅ്നത്ത് ചൊരിയേണമേ! ആമീൻ ഥുമ്മ ആമീൻ

**1893 മെയ് 23 ന് അമൃതസറിലെ ഈദുഗാഹിൽ**
**മുബാഹല സംഘടിപ്പിക്കുന്നതിന്റെ വിളംബരം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹിജ്റ 1310 ദുൽഖഅദ് 10ന് നടക്കാൻ പോകുന്ന മുബാഹലയെ കുറിച്ച് അറിയിക്കുന്നതിന് ഒരു ദിവസം മുമ്പേ (1893 മെയ് 26)'പൊതുവിളംബരം' എന്ന ശീർഷകത്തിൽ താഴെ കാണുന്ന വിജ്ഞാപനം പ്രസിദ്ധീകരിച്ചു:

മുസ്‌ലിം സഹോദരന്മാരേ!നാളെ ദുൽഖഅദ് 10 ശനിയാഴ്ച.....മിയാൻ അബ്ദുൽഹഖ് ഗസ്നവിയും മറ്റു ചില ഉലമായും അവർ വാഗ്ദാനം ചെയ്തതുപോലെ ഈ വിനീതനുമായി ഇക്കാര്യത്തിൽ മുബാഹല ചെയ്യുന്നതായിരിക്കും. അവർ ഈയുള്ളവനെ കാഫിർ എന്നും ദജ്ജാലെന്നും നിർമതനെന്നും അല്ലാഹുവിന്റേയും റസൂലിന്റേയും ശത്രുവെന്നും മനസ്സിലാക്കുന്നു. ഈയുള്ളവന്റെ ഗ്രന്ഥങ്ങളെ കുഫ്റിന്റെ സമാഹാരമെന്ന് ധരിക്കുന്നു. ഈ ഭാഗത്താണെങ്കിൽ ഈയുള്ളവൻ സ്വയം മുസൽമാനെന്ന് മനസ്സിലാക്കുന്നു. എന്നല്ല എന്നെ അല്ലാഹുവിന്റേയും റസൂലിന്റേയും വഴിയിൽ തെണ്ടമാക്കിയിരിക്കുകയാണ്. അതുകൊണ്ട് അക്കൂട്ടരുടെ അഭ്യർഥനമാനിച്ച് ഈ മുബാഹല മുകളിൽപറഞ്ഞ തിയതിക്ക് നടത്താമെന്ന് തീരുമാനിച്ചിരിക്കുകയാണ്.എന്നാൽ, മുബാഹലയിലെ ശാപപ്രാർഥനാ നേരത്ത് മറ്റു ചില മുസ്‌ലിമീങ്ങളും ഹാജരാകണമെന്ന് ഞാനാഗ്രിഹിക്കുന്നു. കാരണം ഞാനിങ്ങനെ ദുആ ചെയ്യുന്നതായിരിക്കും; എന്റെ ഗ്രന്ഥങ്ങൾ ഒന്നിലും അല്ലാഹുവും റസൂലും പറഞ്ഞിട്ടുള്ളതിന് വിരുദ്ധമായിട്ടൊന്നുമില്ല. ഞാൻ കാഫിറുമല്ല. ഇനി എന്റെ ഗ്രന്ഥങ്ങൾ അല്ലാഹുവും റസൂലും പറഞ്ഞിട്ടുള്ളതിന് വിരുദ്ധവും കുഫ്ർകൊണ്ടു നിറഞ്ഞതുമാണെങ്കിൽ, ലോകാരംഭമുതൽ ഇന്നുവരെ ഒരു കാഫിറിന്റേയും നിർമതക്കാരന്റേയുംമേൽ ഇറക്കിയിട്ടില്ലാത്ത ശാപവും നാശവും അല്ലാഹുവേ നീ എന്നിൽ ഇറക്കേണമേ! നിങ്ങളെല്ലാവരും ആമീൻ പറയുക. കാരണം ഞാൻ ഇനി കാഫിറും മുർത്തദ്ദും നിർമതനുമാണെങ്കിൽ, അങ്ങനെ ജീവിക്കുന്നതിനെക്കാൾ അങ്ങേയറ്റം മോശമായ ശിക്ഷകൊണ്ട് ഞാൻ മരിക്കുന്നതാണ് എനിക്കുത്തമം. ഞാൻ അത്തരം ജിവിതത്തിൽനിന്ന് ജാഗരൂകനാണ്. അങ്ങനെയല്ലെങ്കിൽ അല്ലാഹു സത്യമായ വിധി പുറപ്പെടുവിക്കുന്നതായിരിക്കും. അവൻ എന്റെ മനസ്സിനേയും കണ്ടുകൊണ്ടിരിക്കുന്നു; എന്റെ എതിരാളികളുടെ മനസ്സുകളേയും. നിങ്ങൾ ദുൽഖഅദ് 10 ന് രണ്ടുമണി നേരത്ത് ഈദുഗാഹിലെ മുബാഹലയിൽ പങ്കെടുക്കുകയും ആമീൻ ചൊല്ലുകയും ചെയ്യുന്നത് വളരെ പുണ്യമുള്ള കാര്യമായിരിക്കും.(Ibid പേജ് 452).

(മൻസ്വൂർ അഹ്മദ് മസ്റൂർ)

**(പേജ് 1 ൽ നിന്ന്)**

ബന്ധം വിച്ഛേദിക്കേണ്ടത് നിർബന്ധമായിത്തീരുന്ന ഒരു കാലം വരും. കാരണം തങ്ങളുടെ തെറ്റുകൾ മാതാപിതാക്കൾ മറച്ചുവെക്കുന്നുവെന്ന് കാണുമ്പോൾ അവർ തെറ്റായവഴിയിലൂടെ നടക്കുന്നു. എന്നാൽ, തങ്ങളുടെ തെറ്റുകൾക്കനുസരിച്ച് ഉചിതമായ പിടിത്തമുണ്ടാകുന്നുവെന്ന് അവർ അറിയുമ്പോൾ അവരുടെ സംശോധനയും നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് കുട്ടികളോടുള്ള സ്നേഹത്തെക്കാൾ അല്ലാഹുവിനോടുള്ള സ്നേഹം മുന്തിച്ചുവെക്കുകയാണ് നമുക്ക് വേണ്ടത്. ഇതു അല്ലാഹുവിന്റെ സന്തോഷത്തിനു നിമിത്തമാകുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത നമ്മുടെ കുട്ടികളുടെ സംരക്ഷണത്തിനുള്ള മാർഗവുമാണ്.

**വമൻ അസ്വാനീ ഫ ഇന്നക്ക് ഗഫൂറുർറഹീം** എന്റെ സന്താനങ്ങളിൽനിന്ന് ആരെങ്കിലും അന്യാരാധനയിൽ അകപ്പെട്ടാൽ അവൻ എന്റെ സന്താനങ്ങളിൽപ്പെട്ടവനല്ലെന്ന് ആദ്യം പറഞ്ഞു. എന്നാൽ, നബിയിൽ കരുണയുമുണ്ട്. സന്താനങ്ങളെ സന്താനങ്ങളല്ലെന്ന് മനസ്സിലാക്കലും അല്ലാഹുവിനോടുള്ള സ്നേഹത്തെ മുന്തിക്കലും മറ്റൊരു സംഗതിയാണ്. അവർക്കുവേണ്ടി അല്ലാഹുവിനോടു കാരുണ്യം തേടുക എന്നത് വേറൊരു കാര്യമാണ്. ഹദ്റത്ത് ഇബ്റാഹീം(അ) ദുആ ചെയ്യുന്നത് ഒന്നാമതായി തന്റെ സന്താനങ്ങളെ അന്യാരാധനയിൽനിന്ന് കാക്കണേ എന്നാണ്. പക്ഷേ, ഇനി അവരിലാരെങ്കിലും എന്റെ മാർഗത്തിന് വിരുദ്ധം നടക്കുക്കയാണെങ്കിൽ ഞാൻ അവനോടു പറയുന്നത് അവൻ എന്റെ സന്താനങ്ങളിൽപെട്ടവനല്ല. എന്നാൽ നീ പൊറുക്കുന്നുവനും കാരുണ്യവാനുമാണ്. അതിനാൽ നീ ഗഫൂറും റഹീമും ആയ്തുകൊണ്ട് നീ അവന്റെ പാപങ്ങൾ പൊറുക്കുമെന്നും അവന്റെ ആത്മീയാഭിവൃദ്ധിക്കുള്ള സാഹചര്യം ഉണ്ടാക്കുമെന്നും പ്രതീക്ഷിക്കുന്നു. സന്താനങ്ങളോടുള്ള വെറുപ്പുകൊണ്ടുദ്ദേശിക്കുന്നത് അവരോടു മനസ്സ്കഠിനമാക്കി പ്രവർത്തിക്കുക എന്നതല്ലെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. പ്രത്യുത ശിക്ഷ ബാഹ്യമായിരിക്കണം മനസ്സിൽ അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കണമെന്നാണ്. അവരുടെ സംസ്കരണമായിരിക്കണം മുന്നിൽ കാണേണ്ടത് അല്ലാതെ അവരുടെ നാശമല്ല. *(തഫ്സീറെ കബീർ വാള്യം 3, പേജ് 484, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

## ദാറുസ്സ്വനാഅത്ത് ഖാദിയാൻ
Ahmadiyya Vocational
(Technical)
Training Centre, Qadian

**പ്രവേശനനം ആരംഭിച്ചിരിക്കുന്നു.**
**സാങ്കേതികവിദ്യകൾ പഠിക്കാൻ**
**ആഗ്രഹിക്കുന്ന യുവാക്കൾ അപേക്ഷിക്കുക.**

**ഖാദിയാനിലെ ദാറുസ്സ്വനാഅത്തിൽ സാങ്കേതിക ശാസ്ത്ര ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നുവെന്നവിവരംഎല്ലാഅഹ്മദിയുവാക്കളേയും അറിയിക്കുകയാണ്. ഈ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ/പ്ലംബിംഗ്/ഡീസൽ മെക്കാനിക്/**Motor Vehicle Mechanic/ AC & Refrigerator/ **കമ്പ്യൂട്ടറിന്റെ ഒരു വർഷത്തെ കോഴ്സ് ചെയ്യിക്കുന്നു. പഠിക്കാനാഗ്രഹിക്കുന്ന യുവാക്കൾ എത്രയും വേഗം താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**

**ഫോൺനമ്പർ:** 8077546198
9872725895
9872923363

**ഈമെയിൽ:**
darulsanaat.qadian @gmail .com
**(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin